TAB

# TRICHUR ARCHDIOCESAN BULLETIN

2022 ഒക്ടോബർ വാല്യം: 89 ലക്കം: 10




അവസാന വിധി (മത്താ. 25:34)



# പരിശുദ്ധ ജപമാല രാജ്ഞി
# ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

## ഒക്ടോബർ 7



2022 ആഗസ്റ്റ് 31ന് ആശീർവദിക്കപ്പെട്ട കരുമത്ര
പരിശുദ്ധ ആരോഗ്യമാതാവിൻ ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര



Trichur Archdiocesan Bulletin
TAB
ESTD: 1934

**ഒക്ടോബർ 2022**

ലക്കം: 10 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| പരിശുദ്ധ പിതാവിന്റെ സന്ദേശം | 4 |
| സിനഡാനന്തര സർക്കുലർ | 13 |
| സർക്കുലർ | 19 |
| സർക്കുലർ | 21 |
| കച്ചേരിക്കാര്യം | 26 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 30 |
| സഹായമെത്രാന്റെ പരിപാടികൾ | 31 |
| നാളാഗമം | 32 |
| നാമകരണ നടപടികൾ | 36 |
| വൈദികർ | 40 |
| സന്യസ്തർ | 43 |
| അതിരൂപത തീർഥകേന്ദ്രം | 47 |
| മതബോധനം | 48 |
| സ്ഥാപനങ്ങൾ | 53 |
| സംഘടനകൾ | 71 |

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8)**
(പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2022 ലോക പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം)

പ്രിയ സഹോദരീസഹോദരന്മാരേ,

"എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെ മേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷി കളായിരിക്കും." ഉയിർത്തെഴുന്നേറ്റ യേശു തന്റെ സ്വർ ഗ്ഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കുന്നു. (അപ്പ 1:8). ഇതുതന്നെയാണ് 2022 –ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താ ൽത്തന്നെ പ്രേഷിതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും, ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ 'ജനതകളുടെ സുവിശേഷവൽക്കരണത്തി നുള്ള തിരുസംഘം' എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേയ് (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചതിന്റെ നാനൂറാം വർഷം; (ii) വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷംമുമ്പ് ഇപ്പറഞ്ഞ വിശ്വാസപ്രചാരണ ത്തിനായുള്ള സംഘവും അതിനോടൊപ്പം തിരുബാലസഖ്യവും (Society of the Holy Child-

hood) വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘവും (Society of Saint Peter the Apostle) ''പൊന്തിഫിക്കൽ'' എന്ന സ്ഥാനം നേടുകയുണ്ടായി. മേൽപറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യ ന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായി നിൽക്കുന്ന മൂന്നു താക്കോൽ വാക്യങ്ങളെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. ''നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'', ''ഭൂമിയുടെ അതിർത്തികൾ വരെ'', പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും" എന്നീ ശകല ങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

1. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" – ക്രിസ്തുവിനു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് യേശുവിന്റെ പ്രബോധന ത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ശിഷ്യർ യേശുവിനു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21 കാണുക) യേശുവായിരുന്നു ആദ്യം അയ ക്കപ്പെട്ടത്; യേശുവാണ് പിതാവിന്റെ "വിശ്വസ്തസാക്ഷി" (വെളി 1:5 കാണുക). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു വിന്റെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകംമുഴുവനും സുവിശേ ഷം എത്തിച്ചുകൊണ്ട് ക്രിസ്തു വിനു സാക്ഷ്യംവഹിക്കുക എന്നതി ലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേ ഷപ്രഘോഷണം എന്നതാണ്. "നിങ്ങൾ എന്റെ സാക്ഷികളായിരി ക്കും" എന്ന വചനത്തിന്റെ അൽപം ആഴത്തിലുള്ള വിചിന്തനം ക്രിസ്തുവിന്റെ അനുയായികൾക്ക് എല്പിച്ചുകൊടു ത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അംശങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായി ക്കും. ഇതിലെ ബഹുവചനരൂപത്തി ലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദേശത്താലും, ജ്ഞാന സ്നാനം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യ ത്തിനായി വിളിക്കപ്പെ ട്ടിരിക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അത് സഭാസമൂഹവുമായുള്ള കൂട്ടയ്മയിലാണ് ചെയ്യു ന്നത്; ഒരു വ്യക്തിയുടെ സ്വന്തം താത്പര്യ ത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാന ത്തിൽ വ്യക്തിപരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയുമാ യുള്ള കൂട്ടായ്മ യിൽ ആയിരിക്കണം അത് ചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അത് ഭരമേല് പിച്ചത്. എനിക്ക് ഏറ്റവും പ്രിയപ്പെട്ട തായ "സുവിശേഷ പ്രഘോ ഷണം" (Evangelii Nuntiandi) എന്ന അപ്പ

സ്തോലിക പ്രബോധന ത്തിൽ വിശുദ്ധ പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: "സുവിശേഷ പ്രഘോഷണം എന്നത് വ്യക്തിപരവും ഒറ്റപ്പെട്ട തുമായ ഒരു പ്രവൃത്തിയല്ല; അത് അതീവ സഭാത്മകമാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷപ്രഘോഷകൻ, അത് ഒരു ഉപദേശി യോ, അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേശത്ത് സുവി ശേഷം പ്രഘോഷിക്കു മ്പോൾ, അങ്ങനെ തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാ ണെങ്കിലും, ഒരു സഭാത്മക പ്രവൃത്തിയാണ് ചെയ്യുന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസംബന്ധമായ ബന്ധത്താൽ സഭമുഴുവന്റെയും സുവിശേഷ പ്രഘോഷണ പ്രക്രിയയുമായി നിശ്ചയമായും ബന്ധപ്പെ ട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ ക്രമംവഴിയായി അദൃശ്യ മാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്" (J.60). കർത്താ വായ യേശു രണ്ടുപേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിതമായിട്ടായിരുന്നില്ല; ക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിതദൗത്യം നിർവ്വഹിക്കുന്നതിൽ ഒരു സഭാസമൂഹ ത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും, ചെറുതായാലും, അടിസ്ഥാനപ്രാധാന്യം അർഹിക്കുന്നതാണ്.

അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിതദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. യേശു അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവ ഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്കപ്പെട്ടിരിക്കു ന്നത്. പൗലോസ് അപ്പോസ്തലന്റെ ഹൃദയസ്പർശിയായ വാക്കു കളിൽ, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടത്തെ മരണം ഞങ്ങൾ എല്ലായ്പോഴും ശരീരത്തിൽ സംവഹി ക്കുന്നു" (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്ത:സത്ത ക്രിസ്തു വിനു സാക്ഷ്യംവഹിക്കുക എന്നതാണ്. അതായത്, പിതാവി നോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടത്തെ പീഡാനുഭവത്തിനും, മരണത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം.

തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21 കാണുക) അപ്പോസ്തലന്മാർ നിർബന്ധിച്ചത് അവിചാരിതമായിട്ടാ യിരുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാണ് നാം സാക്ഷ്യം നല്കേണ്ടത്; അവിടത്തെ ജീവനിലാണ് നാം പങ്കുചേരേ

ണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണനിർവ്വഹണകഴിവുകളും പ്രദർശിപ്പിക്കാനോ അല്ല ക്രിസ്തുവിന്റെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പോസ്തലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവരോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുക എന്നത്.

ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നു പറയുന്നത് "രക്തസാക്ഷിത്വമാണ്.'' അതായത്, ക്രിസ്തുവിനുവേണ്ടി അവന്റെയോ അവളുടെയോ ജീവൻ നല്കുക എന്നത്; അവിടന്ന് സ്വന്തം ജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുക എന്നത്. "യേശുവിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമ കാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു" (സുവിശേഷത്തിന്റെ സന്തോഷം, J. 264).

ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധ പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായി നില്ക്കുന്നു: "ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായിതിനാലാണ്' (സുവിശേഷപ്രഘോഷണം, J. 41). അക്കാരണത്താൽ ആധികാരിക തയുള്ള ഒരു ക്രിസ്തീയ ജീവിതസാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുക എന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. പോൾ ആറാമൻ തുടർന്നു പറയുന്നു: ''പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അത് ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, 'വിശ്വാസം കേൾക്ക പ്പെടുന്നതിലൂടെയാണ്' (റോമ 10:17) വരുന്നതെന്ന് വിശുദ്ധ പൗലോ സിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്" (സുവിശേപ്രഘോഷണം, J. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയ ജീവിതമാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യഘടകങ്ങളാണ്. ഒന്ന് മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിത ഭാവമുള്ളതായിരിക്കുന്ന ഒരു സമൂഹം ഈ രണ്ടു ശ്വാസകോശങ്ങളിലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി ക്രിസ്തുവിനു നൽകുന്ന പൂർണവും പൊരുത്തമുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിതത്തിന്റെ

എല്ലാ തുറകളിലും – വാക്കിലും പ്രവൃത്തിയിലും – ക്രിസ്തുവിനു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമ ക്രൈസ്തവരുടെ സ്ഥൈര്യവും തുറവും ധൈര്യവും (Parrhesia) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

2. "ഭൂമിയുടെ അതിർത്തിയോളം"– സാർവത്രിക സുവിശേഷവ ൽകരണ ദൗത്യത്തിന്റെ ശാശ്വത പ്രസക്തി. "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും" (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി അയക്കപ്പെടുന്നു എന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യരോട് പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവ്വത്രിക ഭാവമാണ് നാം ഇവിടെ വ്യക്തമായി കാണുന്നത്. "കേന്ദ്രപരാങ് മുഖമായ" (centrifugal) ഒരു ഭൂമിശാസ്ത്രപര വികാസവും നാം കാണുന്നു; ഏകകേന്ദ്രഭാവമുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്രമെന്നു കരുതിയിരുന്ന ജറുസലേമിൽതുടങ്ങി, ചുറ്റുമുള്ള യൂദയായിലേക്ക് നീങ്ങി, തുടർന്നു സമരിയായിലേക്കും അങ്ങനെ "ഭൂമിയുടെ അതിർത്തിയോളം." സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത പ്രഘോഷിക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവികാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയന്ത്രിക്കപ്പെട്ട്, കർത്താവായ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്ന തന്റെ വിളിയോട് വിശ്വസ്തതപുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭയുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്കപ്പെട്ടതിനാൽ യുദയാ മുഴുവനിലും സമരിയയിലും ചിതറിക്കപ്പെട്ട ആദിമ ക്രൈസ്തവർ എല്ലായിടത്തും യേശുവിന് സാക്ഷ്യം നല്കി (അപ്പ 8: 1, 4 കാണുക).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മതപീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ ഞങ്ങളുടെ സ്വന്തം നാടുകളിൽ നിന്നു അന്യരാജ്യങ്ങളിലേക്കു പലായനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയംഅടയ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന ഈ സഹോദരീസഹോദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, "തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം" ഏറ്റെടുക്കാൻ വിശുദ്ധ പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി (സുവിശേഷ പ്രഘോഷണം J. 21). വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖ

കാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവും ആക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിതപ്രവർത്തനമായി വിലമതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശവിശ്വാസികളെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

"ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം എക്കാലത്തുമുള്ള യേശുശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിടത്തേക്കു സാക്ഷ്യംനല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിതസാക്ഷ്യം നടന്നിട്ടില്ല എന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ ഭാഗമല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശ്വവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷീക സാഹചര്യങ്ങളിലേക്കും ഇനിയും "ഇറങ്ങിച്ചെല്ലുന്നത്" തുടരും. അത് എല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയും കുറിച്ചുള്ള സാക്ഷ്യം നല്കാനാണ്. ഈ അർഥത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ പ്രേഷിതദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (missio ad gentes). ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചു കൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരിസഹോദരന്മാർക്കുംമുമ്പിൽ ക്രിസ്തു സ്നേഹം അവതരിപ്പിക്കാനായി മുന്നോട്ട് ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെപ്രതി കൃതജ്ഞത അർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

3. പരിശുദ്ധാത്മാവിൽനിന്ന്, "നിങ്ങൾക്കു ശക്തി ലഭിക്കും." – നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യരെ തന്റെ സാക്ഷികളായി നിയോഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരവം അവർക്കു വാഗ്ദാനം ചെയ്തു: "പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ

വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നതിനുശേഷം തന്നെയാണ് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേം നിവാസികളുടെ മുമ്പിൽ വിശുദ്ധ പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിതപ്രസംഗം, അഥവാ സുവിശേഷസന്ദേശപ്രോഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയുംമുമ്പിൽ ക്രിസ്തുവിനു സാക്ഷ്യംനല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

"യേശു കർത്താവാണ്" എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു"(1 കൊറി 12:3) പോലെ, പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായം കൂടാതെ ക്രിസ്തുവിനു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ടതുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നില്ക്കുകയും അവിടത്തെ നിരന്തര ശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയകുഴപ്പത്തിലായവരും ആകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥനയ്ക്ക് അടിസ്ഥാനപരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നിപ്പറയട്ടെ. കാരണം, അത് നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബലപ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃത ചൈതന്യത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവിക സ്രോതസ്സാണ് പരിശുദ്ധാത്മാവ്. "ആത്മാവിന്റെ സന്തോഷം സ്വീകരിക്കുക എന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, മേയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിതപ്രവർത്തനത്തിലെ മുഖ്യ കഥാപാത്രം. ആത്മാവാണ് ശരിയായ രീതിയിൽ, ശരിയായ സമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറി വാർഷികങ്ങളെകുറിച്ച് പര്യാലോചിക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റണ്ടതിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ "ദെ പ്രൊപ്പഗാന്ത ഫീദേയ്" (De Propaganda Fidei) എന്ന തിരുസംഘം

സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘ ദൃഷ്ടി ആയിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണദൗത്യം നിറവേറ്റുന്നതിൽ അത് നിർണായകമായി ഭവിച്ചു; ഇന്ന് വളരെയേറെ ഓജസ്സ് പ്രകാശി പ്പിക്കുന്ന പ്രാദേശിക സഭകൾ സ്ഥാപിക്കപ്പെടാൻ അത് കാരണമായി. കഴിഞ്ഞ നാല് നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭ യുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പി ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ്തന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിത ദൗത്യ ത്തിനായി പ്രേചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് "വിശ്വാസപ്രചാര ണത്തിനായുള്ള സംഘം" (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് "ഭൂമിയുടെ അതിർത്തിയോളമുള്ള" പ്രേഷിത പ്രവർ ത്തനത്തിൽ സജീവമായി പങ്കുചേരാൻതക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘടനയും സ്ഥാപിക്കാനുള്ള ദൈവിക പ്രചോദനം അവൾക്കു ലഭിച്ചു. അവളുടെ ഈ അത്യുജ്ജ്വല ആശയമാണ് എല്ലാവർഷവും ലോക പ്രേഷിതദിനം ആചരിക്കാൻ ഇടയാക്കിയത്; അതുവഴിയായി പ്രാദേശിക സമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രിക സഭ യുടെ മൂലധന ത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിത പ്രവർ ത്തനങ്ങളെ സഹായി ക്കാനായി പാപ്പാ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ–യാൻസൺ എന്ന ഫ്രഞ്ച് മെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം "തിരുബാലസഖ്യം" (Association of the Holy Childhood) സ്ഥാപിക്കു കയുണ്ടായി. അതിന്റെ അപ്തവാക്യം ഇപ്രകാരമാണ്: "കുട്ടികൾ കുട്ടിക ളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥി ക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു." മിഷൻ പ്രദേശങ്ങളിലുള്ള വൈദികവിദ്യാർത്ഥികളെയും വൈദികരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ "വിശുദ്ധ പത്രോസ് അപ്പോസ് തലന്റെ സംഘം" (Society of Saint Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻ സംഘങ്ങളും

"പൊന്തിഫിക്കൽ" ആയി നൂറുവർഷംമുമ്പ് ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പ് ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ "പൊന്തിഫിക്കൽ മിഷൻ യൂണിയൻ" (Pontifical Mission Union) സ്ഥാപിച്ചത്; അത് വൈദികരുടെയും സന്യാസിനീസന്യാസികളുടെയും ദൈവജനംമുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈതന്യവും ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. വിശുദ്ധ പോൾ ആറാമൻതന്നെയും ഈ സംഘത്തിന്റെ അംഗമായിരുന്നു; അദ്ദേഹം അതിനു പേപ്പൽ അംഗീകാരം ഉറപ്പുവരുത്തുകയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻ സംഘങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗണിച്ചാണ്. അവർ സാർവത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കരണദൗത്യത്തിനു ഉപകരിക്കുന്ന രീതിയിൽ ചെയ്തുവരുന്ന പ്രവൃത്തികളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദിക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തു ന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിതയായ ഒരു സഭയെയും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: "കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!" (സംഖ്യ 11:29). ജ്ഞാനസ്നാനംവഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തിർന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താവിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6–ാം തിയതി, കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

# സിനഡാനന്തര സർക്കുലർ

## സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
## കർദിനാൾ ജോർജ് ആലഞ്ചേരി

Prot. No. 0828/2022

**സിനഡനന്തര സർക്കുലർ**

*(സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.)*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരിക്കുന്നതിൽ സിനഡ് സംതൃപ്തി രഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർതോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നു ണ്ട്. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേചനങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണു നാം മനസ്സിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനരർപ്പണം ചെയ്യാനും മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

**കർഷകരും തീരദേശവാസികളും**

കുടിയേറ്റ കർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്കടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണു കടന്നുപോകുന്നത് എന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരി ക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃ ഖകരമാണ്. 1977–ന് മുൻപു പട്ടയം ലഭിച്ച കുടിയേറ്റ കർഷകരെ വനം കയ്യേറിയവരായി ചിത്രീകരിച്ചു പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റ കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പുലർത്തിയിട്ടുള്ള വനംവകുപ്പിനെ മാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൃഷി, റവന്യൂ വകുപ്പുകൾക്കൂടി ഉൾപ്പെടുന്ന സമിതിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോമലബാർ സഭാസിനഡ് കേരള സർക്കാറിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതിനിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിനു സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീരദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോരകർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരം ആവശ്യമാണ്.

**ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം**

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ

പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു. വിവിധ മത്സര, പ്രവേശന പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

**യാമപ്രാർത്ഥനകളുടെ നവീകരണം**

നമ്മുടെ കർത്താവിന്റെ രക്ഷാകരസംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായകമായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**എറണാകുളം –അങ്കമാലി അതിരൂപത**

എറണാകുളം–അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (sede plena) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീ ത്തയായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരി ക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ ഭരണം നിർവ്വഹിക്കാൻ താൻ കടപ്പെട്ടവനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പി

താവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം–അങ്കമാലി അതിരൂപത യ്ക്കുവേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മ റന്ന് ഒരുമനസ്സോടെ സഹ കരിക്കണമെന്ന് എറണാകുളം–അങ്കമാലി അതിരൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായ സഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിനു മു മ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പി ക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

**ആദരങ്ങളും ബഹുമതികളും**

സീറോമലബാർസഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുല മായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി 'പൗരസ്ത്യരത്നം' അവാർഡ് ഏർപ്പെടുത്താൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമപൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പ രിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് പൗര സ്ത്യരത്നം അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതി യുടെ നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനു മോദനങ്ങളും പ്രാർത്ഥനകളും നേരുന്നു!

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരി ക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരി ക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ. പി. യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീൻബന്ധു സമാജ് സന്യാസസമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്ത സാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം അനുസ് മരിക്കുന്നു.

**പുതിയ ഇടയന്മാർ**

ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷം ഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതക ളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിതപ്രവർത്തന ങ്ങളെ കൂടുതൽ കാര്യക്ഷമമാ ക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മി ഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കു ന്നതിനായി പ്രസ്തുത രൂപതയ്ക്കായി രണ്ട് സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദിക നായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ

പുതിയ സഹായമെത്രാന്മാരായി നിയമിതരായത്. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973-ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ് മാർപ്പാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

**വിരമിക്കൽ**

ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മകളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയ ബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താത്പര്യത്താൽ ശുശ്രൂഷയിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ്പു സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്നനിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്നനിലയിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിത വഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

**യുവജനപ്രേഷിതത്വം**

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോമലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലേയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്ക് നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടാ യിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022–ാം ആണ്ട് ആഗസ്റ്റ് മാസം 25–ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

Prot No: 2596/2022/S

പ്രിയ ബഹു. അച്ചന്മാരേ, സഹോദരീസഹോദരന്മാരേ,

അഭിവന്ദ്യ ആർച്ച്ബിഷപ്പ് (എമിരിറ്റസ്) മാർ ജേക്കബ് തൂങ്കുഴി പിതാവ് 1997 ഒക്ടോബർ 2–ന് തൃശൂർ സെന്റ് തോമസ് കോളെജിലെ മെഡ്‌ലിക്കോട്ട് ഹാളിൽ ഉദ്ഘാടനം ചെയ്ത പ്രസ്ഥാനമാണ് തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതി. ഈ സംഘടന ഇതിനോടകം സേവനത്തിന്റെ പാതയിൽ 25 വർഷം പൂർത്തിയാക്കിയിരിക്കുന്നു. ഇക്കാലയളവിൽ ഒട്ടേറെ വ്യക്തികളെ മദ്യവിമുക്തരാക്കാനും മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ സമൂഹ മനസ്സാക്ഷിയെ തൊട്ടുണർത്താനും ഈ സംഘടന പരിശ്രമിച്ചിട്ടുണ്ട്. ഇതിലൂടെ വ്യക്തികൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും കൈവന്നിട്ടുള്ള അനുഗ്രഹങ്ങളെ അനുസ്മരിച്ച് ദൈവപിതാവിന് നന്ദി പ്രകാശിപ്പിക്കാം.

തിരുവോണത്തിന്റെ പേരും പറഞ്ഞ് 117 കോടിയുടെ മദ്യം കുടിച്ചുതീർത്ത കേരളീയർ നമ്മെ ലജ്ജിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. മയക്കുമരുന്നുകളാണെങ്കിൽ അഭൂതപൂർവ്വമായ വേഗതയിൽ വിദ്യാർത്ഥികളുടെയിടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കേണ്ടത് നാമേവരുടെയും കടമയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ സാഹചര്യത്തിലാണ് സംഘടന രജതജൂബിലി സമാപന സമ്മേളനത്തിനൊരുങ്ങുന്നത്. ഇതിന്റെ ഭാഗമായി യൂണിറ്റ് സംഘാടനവും ശാക്തീകരണവും നടന്നുവരുന്നു. ഫൊറോന –മേഖലാതല സമ്മേളനങ്ങൾ ഇപ്പോൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സമാപന സമ്മേളനത്തിന് ഒരുങ്ങുന്നതിന്റെ ഭാഗമായി

സെപ്തംബർ 28 ന് പ്രൊമോട്ടേഴ്സ് മീറ്റ് നടത്തി. ഒക്ടോബർ 2, 3 തീയതികളിൽ വാഹന പ്രചരണ ജാഥ അതിരൂപതയുടെ എല്ലാ ഫൊറോനകളിലൂടെയും കടന്നുപോകുന്നതായിരിക്കും.

സമാപന ചടങ്ങുകൾ ഒക്ടോബർ 4–ാം തീയതി പുത്തൻപള്ളിയുടെ ബസിലിക്ക ഹാളിലാണ് അരങ്ങേറുന്നത്. കാലത്ത് 9.45 ന് സമാരംഭിക്കുന്ന പരിപാടികൾ ഉച്ചഭക്ഷണത്തോടെ ഒരു മണിക്ക് പര്യവസാനിക്കും. സ്ഥാപക പിതാവ് മാർ ജേക്കബ് തൂങ്കുഴി, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, രമ്യ ഹരിദാസ് എം.പി., കിഡ്നി ഫെഡറേഷൻ ചെയർമാൻ ഫാ. ഡേവീസ് ചിറമ്മൽ തുടങ്ങിയവർ വേദി സമ്പന്നവും സമ്മോഹനവുമാക്കുന്നു. "മദ്യവിമുക്തമായ സഭയും സമൂഹവും" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ചടങ്ങുകളിൽ പങ്കെടുക്കുകയും വിശ്വാസികളെ പങ്കെടുപ്പിക്കുകയും ചെയ്ത് വിജയിപ്പിക്കാൻ സഹകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

സുഭാഷിതം 8:13 ൽ നാമിപ്രകാരം വായിക്കുന്നു : "തിന്മയെ വെറുക്കലാണ് യഥാർത്ഥത്തിലുള്ള ഭക്തി." അങ്ങനെയെങ്കിൽ കേരള സമൂഹത്തിലെ ഏറ്റവും വലിയ തിന്മകളായ മദ്യ – മയക്കുമരുന്നുകളെ വെറുത്ത് ചെറുക്കാൻ ഇത്തരുണത്തിൽ നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം; നമുക്ക് ഭക്തരാകാം.

രജത ജൂബിലി ആശംസകളും പ്രവർത്തന വിജയങ്ങളും പ്രാർത്ഥനാപൂർവ്വം നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| Prot No: 2082/2022/S/ABP |
|---|
| 05.08.2022 |

### ചൂലിശ്ശേരി ഇടവക സ്ഥാപനഡിക്രി
### കൽപ്പന നമ്പർ : 1484/2022 (DL 1/2022),
### തിയതി 05.08.2022

കൊട്ടേക്കാട്, കോളങ്ങാട്ടുകര, വെളപ്പായ ഇടവക ബഹു. വികാരിമാർക്കും, ചൂലിശ്ശേരി പ്രോ–വികാരിക്കും, കൈക്കാരന്മാർക്കും, ഇടവകക്കാർക്കും ആശീർവ്വാദം

സൂചന:

1. ചൂലിശ്ശേരി ഇടവകയെ ക്വാസി ഇടവകയായി പ്രഖ്യാപിച്ചുകൊണ്ടുള്ള അതിരൂപതാധ്യക്ഷന്റെ 10.08.2011 ലെ കല്പന (1730/2011).
2. ഇടവകരൂപീകരണത്തിനുവേണ്ടണ്ടി കമ്മറ്റിതീരുമാനപ്രകാരം ചൂലിശ്ശേരി കുരിശുപള്ളിയിൽ നിന്നുമുള്ള 10.07.2022ലെ അപേക്ഷ.
3. അതിരൂപതാ വൈദിക സമിതിയുടെ 13.07.2022 ലെ (നമ്പർ 2) ശിപാർശ.
4. അതിരൂപതാ ആലോചനസമിതിയുടെ 20.07.2022 ലെ (നമ്പർ 56/2022) ശിപാർശ.
5. ഇടവകരൂപീകരണം സംബന്ധിച്ച് Prot No. 1916/2022 പ്രകാരം നിർദ്ദിഷ്ട ചൂലിശ്ശേരി ഇടവകാതിർത്തിയെ സംബന്ധിച്ച് കൊട്ടേക്കാട്, കോളങ്ങാട്ടുകര, വെളപ്പായ ഇടവകകളിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട്.

6. ചൂലിശ്ശേരി ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. കോളങ്ങാട്ടുകര വികാരിയുടെ 28.07.2022 ലെ റിപ്പോർട്ട്.
7. ചൂലിശ്ശേരി ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. വെളപ്പായ വികാരിയുടെ 29.07.2022 ലെ റിപ്പോർട്ട്.
8. ചൂലിശ്ശേരി ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. കൊട്ടേക്കാട് വികാരിയുടെ 30.07.2022 ലെ റിപ്പോർട്ട്.
9. ഇടവകരൂപീകരണം സംബന്ധിച്ച് Prot No. 2041/2022 പ്രകാരം കൊട്ടേക്കാട്, കോളങ്ങാട്ടുകര, വെളപ്പായ ഇടവകകളിൽ നടത്തിയ പരസ്യപ്പെടുത്തൽ.
10. ചൂലിശ്ശേരി സെന്റ് സെബാസ്റ്റ്യൻ ഇടവക രൂപീകരണത്തെ സംബന്ധിച്ച് അതിരൂപതാ അതിർത്തി നിർണ്ണയകമ്മറ്റിയുടെ 01.08.2022 ലെ റിപ്പോർട്ട്.

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ വെളപ്പായ, കോളങ്ങാട്ടുകര ഇടവകകളുടെ ഭാഗമായിരുന്ന **ചൂലിശ്ശേരി സെന്റ് സെബാസ്റ്റ്യൻ ക്വാസി ഇടവകയെ** കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കാസമൂഹത്തെ **2022 ആഗസ്റ്റ് മാസം 14–ാം തീയതി മുതൽ** ഒരു ഇടവകയായി ഇതിനാൽ ഉയർത്തിയിരിക്കുന്നു.

## ചൂലിശ്ശേരി ഇടവകയുടെ അതിർത്തികൾ

**കിഴക്ക് :** പോട്ടോർ– ചൂലിശ്ശേരി തോട് പാലത്തിൽ നിന്നും ആരംഭിച്ച് ഇപ്പോഴുള്ള കോഴിക്കുന്ന് പാടം വഴി മുന്നോട്ടു നീങ്ങി വെളപ്പായ – ചൂലിശ്ശേരി പാലത്തിലെത്തുന്നു. ഇതിന്റെ പടിഞ്ഞാറേ ഭാഗം ചൂലിശ്ശേരി ഇടവകയിൽ ഉൾപ്പെടുന്നു. കിഴക്കേ ഭാഗം കൊട്ടേക്കാട് ഇടവകയിലും ഉൾപ്പെടുന്നു.

**വടക്ക് :** വെളപ്പായ – ചൂലിശ്ശേരി പാലത്തിൽ നിന്ന് ആരംഭിച്ച് മുന്നോട്ടു നീങ്ങി കോഴിക്കുന്ന് പാടം വഴി വരുമ്പോൾ കാണുന്ന ചെറിയ തോടിലൂടെ മണിത്തറ – ചൂലിശ്ശേരി ചെറിയ പാലത്തിലെത്തുന്നു. ഇതിന്റെ തെക്കുഭാഗം ചൂലിശ്ശേരി ഇടവകയിലും വടക്കു ഭാഗം വെളപ്പായ ഇടവകയിലും ഉൾപ്പെടുന്നു.

**പടിഞ്ഞാറ് :** മണിത്തറ – ചൂലിശ്ശേരി ചെറിയ പാലത്തിൽ നിന്നും ആരംഭിച്ച് ചൂലിശ്ശേരി പടിഞ്ഞാറേ പാടത്തിലൂടെ മുന്നോട്ടു പോയി കോളങ്ങാട്ടുകര – നാരായണത്തറ പാലത്തിലെത്തുന്നു. പടിഞ്ഞാറേ അതിർത്തിയുടെ കിഴക്കുഭാഗം ചൂലിശ്ശേരി ഇടവകയിൽ ഉൾപ്പെടുന്നു.

**തെക്ക് :** കോളങ്ങാട്ടുകര – നാരായണത്തറ തോടു നിന്നും ആരംഭിച്ച് നാരായണത്തറ – ചൂലിശ്ശേരി പാലം വഴി മുന്നോട്ടു നീങ്ങി പോട്ടോർ–

ചൂലിശ്ശേരി പാലത്തിലെത്തുന്നു. ഇതിന്റെ വടക്കുഭാഗം ചൂലിശ്ശേരി ഇടവകയും തെക്കുഭാഗം കോളങ്ങാട്ടുകര, കൊട്ടേക്കാട് ഇടവകകളിലും ഉൾപ്പെടുന്നു.

കിഴക്കേ അതിർത്തിയെ കുറിച്ച് കൂടുതൽ വിശദീകരണം:

**കിഴക്ക്** : ഇപ്പോഴുള്ള കോഴിക്കുന്ന് പാടം

1. കോഴിക്കുന്ന് പാടത്തിനു മധ്യേ ചൂലിശ്ശേരി കരയെയും കോഴിക്കുന്ന് കരയെയും ബന്ധിപ്പിച്ച് ഭാവിയിൽ ഒരു പാത ഉണ്ടാവുകയാണെങ്കിൽ അതോടൊപ്പം ഉണ്ടാകുന്ന പ്രകടമായ അതിരിന് (ഉദാ. റോഡ്, തോട്, കലിങ്ക്) പടിഞ്ഞാറേ ഭാഗം ചൂലിശ്ശേരി ഇടവകയുടെയും കിഴക്കു ഭാഗം കൊട്ടേക്കാട് ഇടവകയുടെയും ഭാഗമായിരിക്കും.
2. എന്നാൽ ടി. പാതക്ക് കുറുകെ അപ്രകാരം അതിര് ഉണ്ടായില്ലെങ്കിൽ പാതയുടെ മധ്യഭാഗത്തു നിന്ന് പടിഞ്ഞാറു ഭാഗത്തേക്ക് പാതയുടെ ഇരുവശങ്ങൾ ചൂലിശ്ശേരി ഇടവകയുടെ ഭാഗമായിരിക്കും. പാതയുടെ മധ്യഭാഗത്തു നിന്ന് കിഴക്കു ഭാഗത്തേക്ക് ഇരുവശങ്ങൾ കൊട്ടേക്കാട് ഇടവകയുടെ ഭാഗമായിരിക്കും.
3. ടി. പാതക്ക് സമാന്തരമായി ഇരുകരകളെ ബന്ധിപ്പിച്ചുണ്ടാകുന്ന മറ്റു റോഡുകളെ സംബന്ധിച്ച് നിബന്ധന 1, 2 എന്നിവ പോലെതന്നെയായിരിക്കും.
4. ടി. പാതക്ക് സമാന്തരമായി ബന്ധിക്കാത്ത വിധത്തിൽ ഉണ്ടാകുന്ന മറ്റു പാതകളെ സംബന്ധിച്ച്; കോഴിക്കുന്ന് പാടത്തിന്റെ പടിഞ്ഞാറേ കരയിൽ നിന്ന് ആരംഭിക്കുന്ന പാതകളുടെ ഇരുവശവും ചൂലിശ്ശേരി ഇടവകയിലായിരിക്കും. കിഴക്കേകരയിൽ നിന്ന് ആരംഭിക്കുന്ന ഇരുവശവും കൊട്ടേക്കാട് ഇടവകയിൽ ഉൾപ്പെടുന്നതായിരിക്കും.
5. കോഴിക്കുന്ന് പാടത്തിന് തെക്ക്– വടക്കു വരുന്ന പാതയെ സംബന്ധിച്ച്: അപ്രകാരം നിർമ്മിക്കപ്പെടുന്ന ആദ്യത്തെ റോഡിന്റെ ഇരുവശങ്ങളും ആ റോഡിനും കോഴിക്കുന്ന് പാടത്തിന്റെ പടിഞ്ഞാറേ കരക്കും ഇടയിൽ വരുന്ന മറ്റു റോഡുകളുടെ ഇരുവശങ്ങളും ചൂലിശ്ശേരി ഇടവകയിൽ ഉൾപ്പെടുന്നു. ടി. റോഡിന്റെ കിഴക്കുവശത്ത് കോഴിക്കുന്ന് പാടത്തിന്റെ കിഴക്കേ കരയിൽ നിന്ന് തുറക്കുന്ന റോഡുകളുടെ ഇരുവശവും കൊട്ടേക്കാട് ഇടവകയിൽപ്പെടുന്നതായിരിക്കും.

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽ തന്നെ ചൂലിശ്ശേരി ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേ

ണ്ടണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടണ്ടണ്ടതുമാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽഇടവകകൾക്കു നല്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കല്പനയായി നല്കുന്നു. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2022 ആഗസ്റ്റ് 14-ാം തീയതി മുതൽ നിയമസാധുത ഉണ്ടണ്ടണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2-4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രിസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

*കോപ്പി:*
ബഹു. കോളങ്ങാട്ടുകര ഇടവക വികാരി
ബഹു. വെളപ്പായ ഇടവക വികാരി
പെ. ബഹു. കൊട്ടേക്കാട് ഇടവക വികാരി

## ചൂലിശ്ശേരി ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. ചൂലിശ്ശേരി ഇടവക കൊട്ടേക്കാട് ഫൊറോനയുടെ ഭാഗമായിരിക്കും.
2. ചൂലിശ്ശേരി ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ, ടി. ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃഇടവകകളായ കോളങ്ങാട്ടുകര, വെളപ്പായ ഇടവകകളുടെ സെമിത്തേരി ഉപയോഗിക്കാൻ ചൂലിശ്ശേരി ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ചൂലിശ്ശേരി ഇടവകാംഗങ്ങളുടെ മൃതസംസ്കാരം കോളങ്ങാട്ടുകര/വെളപ്പായ പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം

ചൂലിശ്ശേരി പള്ളിയിലോ, കോളങ്ങാട്ടുകര/വെളപ്പായ പള്ളികളിലോ നടത്താവുന്നതാണ് (ചൂലിശ്ശേരി ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം).

3. ആലപ്പാടൻ ബഹു. ഫിജോ അച്ചനെ **2022 ആഗസ്റ്റ് 14** മുതൽ ചൂലിശ്ശേരി ഇടവകയുടെ പ്രഥമ വികാരിയായി നിയമിക്കുന്നു.
4. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും **2022 ആഗസ്റ്റ് 14** മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2022 ആഗസ്റ്റ് മാസം 5–ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത
മെത്രാപ്പോലീത്ത

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ

# കച്ചേരി വാർത്തകൾ

ഒക്ടോബർ 2022

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : വി. കൊച്ചുത്രേസ്യ
കാവൽമാലാഖ (2 ഞായർ)
2 : **ഏലിയാ–സ്ലീവ–മൂശ നാലാം ഞായർ**
4 : വി. ഫ്രാൻസിസ് അസ്സീസി
7 : *ആദ്യവെള്ളി*
9 : **ഏലിയാ–സ്ലീവ–മൂശ അഞ്ചാം ഞായർ**
15 : ആവിലായിലെ വി. ത്രേസ്യ
വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ (16 ഞായർ)
16 : **ഏലിയാ–സ്ലീവ–മൂശ ആറാം ഞായർ**
17 : അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
22 : വി. ജോൺ പോൾ രണ്ടാമൻ
23 : **ഏലിയാ–സ്ലീവ–മൂശ ഏഴാം ഞായർ**
മിഷൻ ഞായർ
28 : ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ
30 : **പള്ളിക്കൂദാശ ഒന്നാം ഞായർ**

**2. ഒക്ടോബർ മാസത്തെ പരിപാടികൾ**

ഒക്ടോബർ 6 : കെ. സി. ബി. സി. ആഹ്വാനപ്രകാരം തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന ദിനം
ഒക്ടോബർ 23 : മിഷൻ ഞായർ

**3. പള്ളിക്കൂദാശക്കാലം**

ആരാധനവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലം. പഴയനിയമത്തിലെ നാല് വിശുദ്ധാലയ പ്രതിഷ്ഠകളുടെ അടിസ്ഥാനത്തിലാണ് ഈ കാലം നാല് ആഴ്ചകളായി ക്രമീകരിച്ചിരിക്കുന്നത്.

സഭയുടെ യുഗാന്ത്യോന്മുഖമായ വിജയത്തെയും അവളുടെ സ്വർഗ്ഗീയ ഓറശ്ലേമിലേക്കുള്ള പ്രവേശനത്തെയും ഈ കാലം സൂചിപ്പിക്കു

ന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അലംകൃതമാക്കുന്നതിന്റെ ലാവണ്യമാണ് ഈ കാലത്തെ പ്രാർത്ഥനകളിലും വായനകളിലും ഗീതങ്ങളിലും നിറഞ്ഞു തുളുമ്പുന്നത്.

മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ അവളുടെ മക്കളോടൊപ്പം സ്വർഗ്ഗീയ ഓറശ്ലേമാകുന്ന മണവറയിൽ വച്ചു യുഗാന്തത്തിൽ മുഖാമുഖം ദർശിക്കുകയും മണവാളനോടൊപ്പം മഹത്വീകൃതയായി നിത്യസൗഭാഗ്യത്തിലേക്ക് അവൾ പ്രവേശിക്കുകയും ചെയ്യുന്നതാണ് പള്ളിക്കൂദാശക്കാലത്തിൽ അനുസ്മരിക്കുന്നത്.

ഇസ്രായേലിലെ സമാഗാമകൂടാരം സഭയുടെ പ്രതീകമാണ്. ഇസ്രായേൽ ജനം മനുഷ്യനിർമ്മിതമായ സമാഗാമകൂടാരത്തിൽ ദൈവസാന്നിധ്യം അനുഭവിച്ചു. മിശിഹായിൽ ദൈവത്തെ കണ്ടെത്തുകയും വിവേകമതികളായ കന്യകമാരെപ്പോലെ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നവർക്ക്, ഹസ്തനിർമ്മിതമല്ലാത്ത സ്വർഗ്ഗീയ മണവറയിൽ, ശാശ്വതമായ സമാഗമകൂടാരത്തിൽ മിശിഹായോടൊപ്പം പ്രവേശിക്കാനാകും. മണവാളനായ മിശിഹാ മണവാട്ടിയായ സഭയെ താത്കാലിക കൂടാരത്തിലേക്കല്ല, അനശ്വരമായ സ്വർഗ്ഗീയമണവറയിലേക്കാണ് ആനയിക്കുന്നത്.

ഇവിടെ നമുക്ക് നിലനില്ക്കുന്ന പട്ടണമില്ല എന്ന അവബോധത്തിൽ, സ്വർഗ്ഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാനും അതിൽ സന്തോഷിക്കാനുമാണ് സഭ നമ്മോടു ആവശ്യപ്പെടുന്നത്. കർത്താവും കുഞ്ഞാടുമാണ് സ്വർഗ്ഗത്തിലെ ദൈവാലയം എന്ന ഉൾക്കാഴ്ച നൽകിക്കൊണ്ടും സ്വർഗ്ഗത്തിൽ നടത്തപ്പെടുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്ക് വിശ്വാസികളെ ക്ഷണിച്ചുകൊണ്ടും സഭാമാതാവ്, തന്റെ മക്കൾക്കായുള്ള വിശ്വാസപരിശീലനപദ്ധതി പള്ളിക്കൂദാശക്കാലത്തിൽ പൂർത്തിയാകുന്നു.

**4. ധന്യ സി. മരിയ സെലിൻ കണ്ണനായ്ക്കൽ**

തൃശൂർ അതിരൂപതയിലെ കുണ്ടന്നൂർ ഇടവകാംഗമായ ദൈവദാസി സി. മരിയ സെലിൻ കണ്ണനായ്ക്കലിനെ 2022 ആഗസ്റ്റ് 5ന് പരി. പിതാവ് ധന്യപദവിയിലേക്ക് ഉയർത്തി.

**5. രജിസ്റ്ററുകളിലെ തിരുത്ത് :**

തൃശ്ശൂർ മെത്രാപ്പോലീത്തൻ പ്രോവിൻസിലെ കാര്യാലയ അംഗങ്ങൾ 2022 ജൂലൈ 14ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം രജിസ്റ്ററുകളിൽ കൂട്ടിചേർക്കലുകൾ നടത്തുന്നതിന് ആവശ്യമായ നിബന്ധനകൾ താഴെ പറയുന്നു. ബഹു. വികാരിമാർ പുതിയ നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**I. പേരിനെ സംബന്ധിച്ച്**

1. പേരു തിരുത്തപ്പെടേണ്ട വ്യക്തിയാണ് അതിരൂപത കാര്യാലയത്തിൽ അപേക്ഷ നൽകേണ്ടത്. അപേക്ഷ നൽകുന്ന വ്യക്തിക്ക് പ്രായപൂർത്തിയാകാത്തപക്ഷം ടിയാളുടെ മാതാപിതാക്കൾക്ക് അപേക്ഷ

നൽകാവുന്നതാണ്.

2. അപേക്ഷ നൽകുമ്പോൾ കൂട്ടിച്ചേർക്കപ്പെടേണ്ട സിവിൽ പേരിന് ആധാരമായ സിവിൽ രേഖ സമർപ്പിക്കേണ്ടതാണ്. ജനനസർട്ടിഫിക്കറ്റ് അല്ലെങ്കിൽ എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് ആണ് പ്രധാനമായും സമർപ്പിക്കേണ്ട രേഖകൾ.
3. പേര് കൂട്ടിച്ചേർക്കപ്പെടേണ്ട വ്യക്തിയുടെ മാമ്മോദീസരേഖയുടെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്.
4. അപേക്ഷ സമർപ്പിക്കുമ്പോൾ രണ്ട് സാക്ഷികൾ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തുകയും ഒപ്പുവയ്ക്കുകയും സാക്ഷികളുടെ ഐ. ഡി. പ്രൂഫ് നൽകുകയും വേണം. **(നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ/അപേക്ഷകയുടെ സത്യവാങ്മൂലം നിർബന്ധമില്ല).**
5. അതിരൂപത കാര്യാലയത്തിന്റെ അപേക്ഷ ഫോമിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.
6. അപേക്ഷാഫോമിൽ അപേക്ഷകന്റെ വികാരിയുടെയോ മാമ്മോദീസ/ വിവാഹം നടന്ന ഇടവകയിലെ വികാരിയുടെയോ ശുപാർശ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
7. **അതിരൂപതയിലെ ഇടവകകളിൽ മാമ്മോദീസ/വിവാഹം നടത്തിയ വ്യക്തികളുടെ രജിസ്റ്റിലാണ് കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിന് അനുവാദം നൽകുക. മാമ്മോദീസ/വിവാഹം നടന്നത് മറ്റു രൂപതക ളിലെ പള്ളിയിലാണെങ്കിൽ ആ രൂപതയിലാണ് അപേക്ഷ നൽ കേണ്ടത്.**
8. അപേക്ഷ നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം.

a. *(-------) പള്ളി മാമ്മോദീസ രജിസ്റ്ററിൽ എന്റെ വിളിപേര് (-------------) എന്നാണ്.*
b. *എന്നാൽ സിവിൽ രേഖകളിൽ (ജനനസർട്ടിഫിക്കറ്റ്, എസ്. എസ്. എൽ. സി., പാസ്പോർട്ട്) എന്റെ പേര് (-------------) എന്നാണ്.*
c. *സിവിൽരേഖപ്രകാരം മാമ്മോദീസ രജിസ്റ്ററിൽ എന്റെ വിളിപേര് (-------------) എന്നറിയപ്പെടാൻ ഞാനാഗ്രഹിക്കുന്നു.*
d. *മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന (-----------) എന്ന വ്യക്തിയും സിവിൽ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്ന (------------) എന്ന വ്യക്തിയും ഒരാൾ തന്നെയാണ്.*

9. അപേക്ഷയിൽ സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നതിനായുള്ള മാതൃക

a. *(-------) പള്ളിയിലെ മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന (പേര്) എന്ന പേരുള്ള മേൽപ്പറഞ്ഞയാൾക്ക് സിവിൽ രേഖകളിൽ (പേര്) എന്നാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.*

*b.* അപേക്ഷ നല്കുമ്പോൾ അപേക്ഷയിൽ *സാക്ഷികളുടെ പേര്, വീട്ടു പേര്, ഇടവക, ഒപ്പ്, ഐ. ഡി. പ്രൂഫുകൾ എന്നിവ ഉണ്ടായിരിക്കണം.*

> പേര് തിരുത്തുന്നതിന് ആവശ്യമായ കാരണം ഉണ്ടായിരിക്കേണ്ടതാണ്. ഇടവക കുടുംബകാർഡിലും ആത്മസ്ഥിതി പുസ്തകത്തിലും പേര് കൂട്ടിചേർക്കുന്നതിനുവേണ്ടി മാത്രം മാമ്മോദീസ, വിവാഹ രജിസ്റ്ററുകളിൽ തിരുത്തലുകൾ നടത്തേണ്ട ആവശ്യമില്ല.

**II. തീയതിയെ സംബന്ധിച്ച്**

1. സാധാരണഗതിയിൽ ജനനതീയതിയിൽ മാറ്റം വരുത്താൻ അനുവാദം നൽകാറില്ല. പള്ളികളിലെ രജിസ്റ്ററിൽ എഴുതുമ്പോൾ വന്ന പാകപ്പിഴകളാണെങ്കിൽ വേണ്ടത്ര രേഖകൾ പരിശോധിച്ച ശേഷം മാത്രമേ കൂട്ടിചേർക്കുവാൻ അനുവാദം നൽകുക. മാമ്മോദീസ രജിസ്റ്ററിൽ വ്യക്തിയുടെ ജനനതീയതിയും മാമ്മോദീസ തീയതിയും കൃത്യമായി എഴുതുകയും എന്നാൽ പിന്നീട് എഴുതപ്പെട്ട സ്കൂൾ/ സിവിൽ രേഖകളിൽ ജനനതീയതി തെറ്റായി രേഖപ്പെടുത്തുകയും ചെയ്തതാണെങ്കിൽ ആ ജനനതീയതി തിരുത്തുവാൻ അനുവാദം നൽകുന്നതല്ല.

**6. വൈദികനിയമനം:**

1. ഫാ. മേജോ മരോട്ടിക്കൽ – സിംഗപ്പൂർ അതിരൂപതയിലെ സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി സേവനം ചെയ്യാൻ അനുമതി; വികാരി പല്ലിശ്ശേരി, കപ്ലോൻ എഫ്. എസ്. സി & സി. എസ്. സി., ഡയറക്ടർ ബൈബിൾ പ്രേഷിതത്വം ഒഴിവായി; സാധുത 2022 ആഗസ്റ്റ് 22 മുതൽ.
2. ഫാ. റിജോയ് തൈവളപ്പിൽ – നടത്തുവികാരി പല്ലിശ്ശേരി, കപ്ലോൻ സി. എസ്. സി., അസി. ഡയറക്ടർ ബൈബിൾ പ്രേഷിതത്വം; സാധുത 2022 ആഗസ്റ്റ് 22 മുതൽ.
3. ഫാ. ലിൻസൺ തട്ടിൽ – ഡയറക്ടർ ബൈബിൾ പ്രേഷിതത്വം കൂടി; സാധുത 2022 ആഗസ്റ്റ് 22 മുതൽ.
4. ഡീ. ബിബിൻ വേലംപറമ്പിൽ – ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ ബസിലിക്ക; സാധുത 2022 ആഗസ്റ്റ് 16 മുതൽ.
5. ഡീ. സിനോജ് നീലങ്കാവിൽ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2022 സെപ്തംബർ 1 മുതൽ നവംബർ 15 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ

# ENGAGEMENTS

## 2022 OCTOBER Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01-12 | | | Rome Visit |
| 12 | | | Ernakulam |
| 12 | Wed | Evening | JMMC Trust Meeting |
| 17-19 | | | Ernakulam |
| 23 | Sun | Afternoon | Holy Mass and Kooduthurakkal at St. Antony's Church Ollur |
| | | | Conclusion of Centenary Jubilee of Sacred Heart Church Nadathara |
| 24-26 | | | Ernakulam |
| 30 | Sun | Afternoon | Kudumba Kootayma Merit day at Family Apostolate |
| 31 | Mon | Afternoon | Holy Mass at Lourdes Cathedral and Consecration to Mother Mary |

# ENGAGEMENTS

## 2022 OCTOBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | Afternoon | PAROC Diploma Course |
| 1-2 | | | Pastoral Visit - Varavur |
| 2 | Sun | Afternoon | PAROC diploma Convocation |
| 4 | Tue | Morning | Holy Mass @ Calvary Ashramam |
| | | Afternoon | Madhyavirudhasamithi Jubilee |
| 5 | Wed | Morning | Thiroor - Youth Meet Inaguration |
| 6 | Thu | Morning | Adoration of Sabhanaveekaranam |
| 7 | Fri | Morning | Jerusalem Retreat Centre |
| | | Evening | Altar Blessing - Peramangalam |
| 8 | Sat | All Day | Jyothi Convocation Day |
| 8-9 | | All Days | Episcopal Ordination of Auxiliary Bishops of Shamamshabad |
| 12-13 | | All Days | NAAC Evaluation |
| 14 | Fri | Morning | Holy Mass @ Spiritual Animation Centre |
| 15 | Sat | Morning | Benfactors Day @ Minor Seminary |
| 16 | Sun | Morning | Vincent De Paul Society Platinum Jubilee @ Cheroor |
| 18 | Tue | Morning | Holy Mass @ Marymatha |
| 19 | wed | Morning | Holy Mass @ Minor Seminary |
| | | Afternoon | Golden Jubilee @ Ollur |
| 20-21 | | All Days | NAAC Visit @ St. Thomas College |
| 22 | Sat | Morning | Peter Claver Congregation Jubilee |
| | | Evening | Golden Jubilee of Sr. Laya |
| 23 | Sun | Evening | Manalur West |
| | | Evening | Kakkassery - Presbytery Blessing |
| 24 | Mon | Morning | Holy mass @ Kuttamkulam |
| | | Morning | CRI Juniors Meet |
| 28 | Fri | Evening | Martha Mariyam Valiya Pally |
| 29-31 | | | Pastoral Visit @ Ayyanthole |

# നാളാഗമം

## ആഗസ്റ്റ് 2022

1–5 അഭിവന്ദ്യ പിതാക്കൻമാർ കെ.സി.ബി.സി. യോഗത്തിൽ സംബന്ധിച്ചു.

6 ഉച്ചതിരിഞ്ഞ് അരിമ്പൂർ ഇടവക ദൈവാലയത്തിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ തിരുകുടുംബ സന്യാസിനി സമൂഹത്തിലെ അഞ്ച് അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനം നടന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മാന്ദാമംഗലം ഇടവകയിലെ ആഘോഷമായ കുർബ്ബാന സ്വീകരണവും കാരുണ്യഭവന വെഞ്ചിരിപ്പും നടത്തി. ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിലെ കോൺവൊക്കേഷനിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് പാലിയേറ്റീവ് മേഖലയിലെ മണ്ണും വിത്തും പോഗ്രാം ഉദ്ഘാടനം ചെയ്തു.

7 സെന്റ്. ജൂഡ് നാട്ടിക സ്റ്റേഷൻ പള്ളിയിൽ ആൻഡ്രൂസ് പിതാവ് ഇടയസന്ദർശനം നടത്തി. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കല്ലൂർ കിഴക്ക് ഇടവകയിലെ കുർബ്ബാന അർപ്പിക്കുകയും കാരുണ്യഭവനത്തിന്റെ വെഞ്ചിരിപ്പും നടത്തി. നെല്ലങ്കരയിലെ യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു. കോലഴിയിൽ ചാരിറ്റി ജനറൽ

ഹൗസിൽ സുപ്പീരിയേഴ്സിന് ക്ലാസ്സെടുത്തു. വൈകീട്ട് ബസിലിക്കയിൽ കത്തോലിക്കാ കോൺഗ്രസിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

8 രാവിലെ കുറ്റൂർ മേരിമാത ഇടവക ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് നെല്ലിശ്ശേരി സിജോയുടെ അഞ്ചാമത്തെ കുട്ടിയ്ക്ക് മാമ്മോദീസ നൽകി. അതിനുശേഷം അതിരൂപത കുടുംബ പ്രേഷിതകേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച അനുരഞ്ജന കേന്ദ്രത്തിന്റെ കെട്ടിടം അഭിവന്ദ്യ പിതാക്കൻമാരുടെ കാർമ്മികത്വത്തിൽ ആശീർവദിച്ചു. ഉച്ചക്കഴിഞ്ഞ് സ്ഥാപനഡയറക്ടറേഴ്സിന്റെ മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് പറോക് ഫാക്കൽട്ടി സ്റ്റാറ്റിറ്റ്യൂട്ട്സ് മീറ്റിംഗിൽ പങ്കെടുത്തു.

9 മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഗുരുകുലം സെമിനാരിയിൽ സന്ദർശനം നടത്തി. ലുവൈൻ യൂണിവേഴ്സിറ്റി പ്രൊഫസർ ബിഷപ്പ് സന്ദർശിച്ചു.

10 മാർ ടോണി നീലങ്കാവിൽ പിതാവ് ആലുവാ സെമിനാരി കമ്മീഷനിൽ പങ്കെടുത്തു.

11 മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂരിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. മേരിമാതയിൽ ഫാ. മൈക്കിൾ കാരിമറ്റത്തിന്റെ സെന്റ് ഓഫ് മീറ്റിംഗിൽ പങ്കെടുത്തു.

12 മാർ ടോണി നീലങ്കാവിൽ പിതാവ് വൈലത്തൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. മേരിമാത സെമിനാരിയിലെ സിമ്പോസിയത്തിൽ പങ്കെടുത്തു.

13 രാവിലെ നിർമ്മലപുരം ഇടവക ദൈവാലയത്തിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ ചാരിറ്റി സന്യാസിനി സമൂഹത്തിലെ അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനം നടന്നു. ഉച്ചതിരിഞ്ഞ് മണ്ണംപേട്ട ഇടവക ദൈവാലയത്തിൽവച്ച് സെന്റ്. മർത്ത സന്യാസിനി സമൂഹത്തിലെ അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനത്തിനും ആൻഡ്രൂസ് പിതാവ് നേതൃത്വം നൽകി. അതിനുശേഷം ഡി. ബി. സി. എൽ. സി. യിൽവച്ച് കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച നേതൃത്വപരിശീലന പരിപാടി അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനംചെയ്ത് സംസാരിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് പെരിഞ്ചേരി ഇടവകയിൽ ഏഴാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

14 രാവിലെ ചൂലിശ്ശേരി സെന്റ്. സെബാസ്റ്റ്യൻ ദൈവാലയത്തിൽ ആൻഡ്രൂസ് പിതാവ് വി. ബലിയർപ്പിക്കുകയും ഇടവക പ്രഖ്യാപനവും ഇടയസന്ദർശനവും നടത്തുകയും ചെയ്തു. വൈകീട്ട് ജൂബിലി

മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേറൂർ ഇടവകയിൽ വി. കുർബ്ബാനയർപ്പിച്ചു. കുരിയച്ചിറയിൽ നടന്ന എ.കെ.സി.സി. ധർണ്ണയിൽ പങ്കെടുത്തു. ബ്രഹ്മകുളം ഇടവകയിൽ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് എളവള്ളി ഇടവകയിലെ കെ.എൽ.എം. ന്റെ പോഗ്രാമിൽ പങ്കെടുത്തു. വൈകീട്ട് വേലൂപ്പാടം വിശുദ്ധ ഔസേപ്പ് പിതാവിന്റെ തിരുനാൾ കൂടുതുറക്കൽ നടത്തി.

15 രാവിലെ മേരിമാത മേജർ സെമിനാരിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വി. ബലിയർപ്പിച്ച് സെമിനാരിയുടെ രജതജൂബിലി ഉദ്ഘാടനംചെയ്തു. തുടർന്ന് വടക്കൻ പുതുക്കാട് പുതുതായി നിർമ്മിച്ച കർമ്മല മാതാവിന്റെ നാമത്തിലുള്ള ദൈവാലയത്തിന്റെ കൂദാശകർമ്മം ആൻഡ്രൂസ് പിതാവ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് മതബോധനവിഭാഗത്തിന്റെ മെറിറ്റ് ഡേ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാത സെമിനാരിയുടെ സിൽവർ ജൂബിലി ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള വി. കുർബ്ബാനയിൽ പങ്കെടുത്തു. മണ്ണംപ്പെട്ടയുള്ള കൃപ ഭവന്റെ പ്ലാറ്റിനം ജൂബിലിയിൽ പങ്കെടുത്തു. അതിരൂപത കാറ്റിക്കിസം മെറിറ്റ് ഡേയിൽ പങ്കെടുത്തു.

16–25 സീറോമലബാർ സഭയിലെ മെത്രാൻമാരുടെ സിനഡിൽ അഭിവന്ദ്യ പിതാക്കൻമാർ സംബന്ധിച്ചു.

26 മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തിരൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും കാരുണ്യഭവനവെഞ്ചിരിപ്പും നടത്തി. ഫാമിലി അപ്പസ്തോലൈറ്റിൽ റിസോഴ്സ് മെമ്പറേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

27 മാർ ടോണി നീലങ്കാവിൽ പിതാവ് സി. ലിറ്റി റോസ് സി.എം.സി. യുടെ മൃതസംസ്കാരം നടത്തി. ഉച്ചക്കഴിഞ്ഞ് പാക്ട് എക്സ്ക്യൂട്ടീവിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

28 ആൻഡ്രൂസ് പിതാവ് രാവിലെ താന്ന്യം (തൃപ്രയാർ) സെന്റ്. പീറ്റർ ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് സമീപത്തുള്ള ഏതാനും ദൈവാലയങ്ങൾ സന്ദർശിക്കുകയും ചെയ്തു. വൈകീട്ട് ഡി. ബി. സി. എൽ. സി. യിൽവച്ച് കലാസദന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച തേൻതുള്ളികൾ എന്ന പരിപാടിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്ത് സംഗീതസംവിധായകൻ അൽഫോൺസിന് ഉപഹാരം നൽകുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വടക്കൻ പുതുക്കാട് കുർബ്ബാന അർപ്പിച്ചു. ഉച്ചക്ക്

നവദമ്പതി സംഗമം ഫാമിലി അപ്പസ്തോലെറ്റിൽ പങ്കെടുത്തു. ഒല്ലൂർ എവുപ്രാസ്യയമ്മ സെന്ററിൽ തിരുനാൾ കൂടുതുറക്കൽ ശുശ്രൂഷ ചെയ്തു.

29 വി. എവുപ്രാസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ആൻഡ്രൂസ് പിതാവ് ഒല്ലൂരിലെ വി. എവുപ്രാസ്യയുടെ കബറിടത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് തൃശ്ശൂർ അതിരൂപതയും ഷംഷാബാദ് രൂപതയും തമ്മിൽ മിഷൻപ്രവർത്തനത്തെക്കുറിച്ചുള്ള ധാരണാപത്രത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവും റാഫേൽ തട്ടിൽ പിതാവും ഒപ്പുവയ്ക്കുകയും തൃശ്ശൂർ അതിരൂപത നേതൃത്വം നൽകുന്ന മിഷൻ പ്രവശ്യയ്ക്ക് വി. എവുപ്രാസ്യമ്മയുടെ പേരുനൽകുകയും ചെയ്തു. ഉച്ചതിരിഞ്ഞ് മുള്ളൂർക്കരയിലുള്ള മഹാജൂബിലി ട്രയിനിംഗ് കോളേജിന്റെ വാർഷികത്തിൽ അഭിവന്ദ്യ തൂങ്കുഴിപിതാവിനൊപ്പം ആൻഡ്രൂസ് പിതാവും സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു.


30 രാവിലെ അതിരൂപതാ മൈനർ സെമിനാരിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വി. കുർബാനയർപ്പിച്ചു. തുടർന്ന് അതിരൂപതയിലെ ആലോചനസമിതിയുടെ യോഗത്തിൽ അഭിവന്ദ്യ പിതാക്കൻമാർ സംബന്ധിച്ചു.

31 കരുമത്ര ആരോഗ്യമാതാവിന്റെ ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച അൾത്താര മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെഞ്ചിരിച്ച് വി. ബലിയർപ്പിച്ചു. വൈകീട്ട് ചിയ്യാരം തിരുകുടുംബ ദൈവാലയത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് അഭിവന്ദ്യ താഴത്ത് പിതാവ് വി. ബലിയർപ്പിച്ചു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## 66–ാം ചരമ വാർഷികാചരണം

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 66–ാം ചരമ വാർഷികാചരണം 2022 ഒക്ടോബർ 13ന് ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽവെച്ച് ആഘോഷിക്കുകയാണ്. അതിനൊരുക്കമായി ഒക്ടോബർ 1 മുതൽ നവനാൾ തിരുകർമ്മങ്ങൾ ആരംഭിക്കുന്നു. നവനാൾ ദിനങ്ങളിൽ രാവിലെ 6.30ന് വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്. ശ്രാദ്ധദിനമായ ഒക്ടോബർ 13ന് രാവിലെ 10.30ന് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് നേർച്ച ഊട്ടും ഉണ്ടായിരിക്കുന്നതാണ്. തിരുകർമ്മങ്ങൾ മീഡിയ കത്തോലിക്ക യുട്യൂബ് ചാനലിൽ തത്സമയം ലഭ്യമാകുന്നതാണ്. ഈ പുണ്യദിനങ്ങളിലെ ശുശ്രൂഷകളിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.



## രണ്ടാം ശനിയാഴ്ചാചരണം

ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 13.08.2022–ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതയിലെ പോട്ട ഇടവകയിലെ അസി. വികാരി ബഹു. സാംസൺ എലുവത്തിങ്കൽ അച്ചനും, ഡിപോൾ പ്രൊവിൻഷ്യൽ ഹൗസിലെ ചാരിറ്റി സിസ്റ്റേഴ്സുമാണ് വി. കുർബാനയ്ക്കും ആരാധനയ്ക്കും ജപമാലയർപ്പണത്തിനും നേതൃത്വം

വഹിച്ചത്. പോട്ട ചെറു പുഷ്പം ഇടവകയിലെ വിശ്വാസി സമൂഹവും തിരുക്കർമ്മങ്ങളിൽ പങ്കുചേരുവാൻ എത്തിയിരുന്നു. ബഹു. സാംസനച്ചന്റെ സന്ദേശത്തി ലെ പ്രസക്ത ഭാഗങ്ങൾ :


അമ്മ വിചാരങ്ങളിലൂടെ ധന്യനായ ഊക്കനച്ചനെ അറിയുവാൻ ആഗസ്റ്റ് മാസത്തിൽ നമുക്ക് ശ്രമി ക്കാം. ഒരു  വൈദികനെന്ന നിലയിൽ അൾത്താരയിൽനിന്ന് വചനം പങ്കുവെയ്ക്കുമ്പോൾ, സ്വന്തം അമ്മയെക്കാളും വലിയ സംരക്ഷണവും മാധ്യസ്ഥ്യവും പരി. അമ്മ., ഓരോ പുരോഹിത ജന്മത്തിലും നൽകുന്നുണ്ട്. ഈശോയെ ഹൃദയത്തിലും ഉദരത്തിലും ഒരുപോലെ കൊണ്ടുനടന്നവളാണ് അമ്മ. ഊക്കനച്ചൻ പറയുന്നു: " പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്." ദൈവഹിതത്തിന് ആമ്മേൻ പറയുവാൻ ഈശോയെ പഠിപ്പിച്ചത് അമ്മയാണ്. അപരന്റെ കണ്ണുനീര് കാണുവാനുള്ള തിടുക്കമായിരുന്നു അമ്മയെ പരി. അമ്മയാക്കി മാറ്റിയത്. അതുകൊണ്ടാണ് വിധവയുടെ കണ്ണുനീരിനുള്ളിൽ അമ്മയുടെ മുഖം ക്രിസ്തു ദർശിച്ചത്. അവനാകട്ടെ, അമ്മ ദേവാലയത്തിലെ ഭണ്ഡാരത്തിൽ കാഴ്ചയിട്ട നാണയവും. ഓരോ പൗരോഹിത്യ ജീവിതങ്ങളും ഇതെല്ലാം തന്നെയല്ലേ !

ഊക്കനച്ചനും പരി. അമ്മയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ നാഴികക്കല്ലുകളും സംഭവിച്ചത് അമ്മയുടെ തിരുനാൾ ദിനങ്ങളിലായിരുന്നുവെന്നുള്ളത് ദൈവപരിപാലനയാണ്. ക്രിസ്തുവിനെപോലെ അമ്മയെ ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന വ്യക്തിയാണ് ഊക്കനച്ചനും. അമ്മയോടുള്ള പ്രാർത്ഥനകളിൽനിന്ന് വലിയ ശക്തി അദ്ദേഹം സംഭരിച്ചു. സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴി അമ്മയ്ക്ക് അറിയുമെന്ന് ഊക്കനച്ചൻ വിശ്വസിച്ചു. വേദനിക്കുന്നവന്റെ കണ്ണീര് കാണുവാനും, പാവങ്ങളിലേക്ക് തന്റെ ജീവിതം തുറന്നുവെയ്ക്കുവാനും അപരിനിലേക്ക് കൈകൾ നീട്ടുവാനും ഈ പുണ്യാത്മാവ് പഠിച്ചത് പരി അമ്മയെ നോക്കിയാണ്. നമുക്കും ഊക്കനച്ചനെപോലെയാകുവാൻ ശ്രമിക്കാം. ആ ധന്യാത്മാവിന്റെ കരം പിടിച്ച് അമ്മയോടൊപ്പം സ്വർഗ്ഗത്തിലേക്ക് തീർത്ഥയാത്ര നടത്തുന്നവരാകാം.

ചൊവ്വന്നൂർ ഇടവകവികാരി ബഹു, ജോജോ എടത്തിരുത്തിയച്ചൻ എല്ലാവർക്കും നന്ദികളർപ്പിച്ചു. പറപ്പൂർ ഇടവകയിൽനിന്നുള്ള പാണേങ്ങാടൻ ജോമി സന്തോഷും കുടുംബവുമാണ് ആഗസ്റ്റ് മാസത്തെ രണ്ടാം ശനിയാഴ്ചാചരണം ഏറ്റെടുത്ത് നടത്തിയത്.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ഒക്ടോബർ 2–ാം തിയ്യതി കാവൽമാലാഖാമാരുടെ തിരുന്നാളാണല്ലോ. പാപത്തിൽ ഉൾപ്പെടാതെ നമ്മെ കാത്തുസൂക്ഷിക്കുന്ന ഈ ദൈവദൂതന്മാരെപ്പറ്റിയും മാരകപാപം വരുത്തുന്ന തകർച്ചകളെപ്പറ്റിയും അച്ചൻ പഠിപ്പിക്കുന്നു.



മാലാഖമാർ ഒരു ചാവുദോഷം (മാരകപാപം) വഴിയായി എത്ര വിരൂപമാക്കപ്പെട്ടു. മുമ്പ് ശോഭയുടെ സ്വരൂപങ്ങളായിരുന്നവർ ഇതാ ഇരുട്ടിന്റെ സത്വങ്ങളായി പകർന്നു. മുമ്പ് ദൈവസ്നേഹത്തിൽ എരിഞ്ഞിരുന്നവർ ഇതാ ദൈവനിന്ദയിൽ നിറഞ്ഞു. മുമ്പ് സ്നേഹസ്വരൂപന്മാർ ആയിരുന്ന മാലാഖമാർ ഇപ്പോൾ നിലയില്ലാത്ത അസൂയാലുക്കളായി വീണുപോയെന്ന് അച്ചൻ പറയുന്നു. ഇവരുടെ ശിക്ഷയെപ്പറ്റി അച്ചൻ ചിന്തിക്കുന്നു. ഇവർക്കായി നരകം സൃഷ്ടിക്കപ്പെട്ടു. ഒന്നായി (ഇവർ) വിഴുങ്ങപ്പെട്ടു. തേറ്റത്തിനു (അനുതാപത്തിന്) നേരം കൊടുത്തില്ല. മൂന്നിലൊരു ഭാഗം മാലാഖമാർ ശിക്ഷി

ക്കപ്പെട്ടു എന്ന പാരമ്പര്യം അച്ചൻ എടുത്തു പറയുന്നു.

എന്നാൽ ആശ്വാസകരമായ ഒരു ചിന്തയും അച്ചൻ നല്കുന്നു. ഓരോ മനുഷ്യർക്കും ഓരോ രാജ്യങ്ങൾക്കും നാടുകൾക്കും സ്ഥാപന ങ്ങൾക്കും ഒക്കെ കാവൽമാലാഖമാരുണ്ട്.. എത്ര പേരാണ് ദൈവതിരു മുമ്പാകെയുള്ളത്.

ആദത്തിന്റെ ഏകപാപം എന്തെല്ലാം ഫലങ്ങളെ ഉളവാക്കി യെന്ന് അച്ചൻ ധ്യാനിക്കുന്നു. പറുദീസായിൽ നിന്ന് ആദം ആട്ടിപ്പുറ ത്താക്കപ്പെട്ടു. തൊള്ളായിരത്തിൽ പരം കാലം ഭൂമിയിൽ പ്രയാസപ്പെട്ടു. മൂവായിരത്തിൽ പരം കാലം പാതാളത്തിലും. അവൻ വഴിയായി ഇപ്പോൾ ലോകത്തിൽ കാണുന്ന എല്ലാ തിന്മകളും ദുരിതങ്ങളും– ക്ഷാമം, യുദ്ധം, അസൂയ, കൊലപാതകം, രോഗങ്ങൾ, ആശാപാശങ്ങൾ– ഉണ്ടായി എന്ന് അച്ചൻ ദുഃഖത്തോടെ ഓർക്കുന്നു. ആദിപാപത്തിന്റെ കാഠിന്യം വിവരിക്കാനാണ് അച്ചൻ ഇപ്രകാരം എഴുതുന്നത്.

പാപത്തിൽ വീഴാതിരിക്കാൻ നമ്മെ സഹായിക്കുന്ന കാവൽമാ ലാഖമാരുടെ മാദ്ധ്യസ്ഥം നമുക്കു തേടാം

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ഡെബിൻ ഒലക്കേങ്കിൽ | 02 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ഷിന്റോ മാറോക്കി | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് ചെറുവത്തൂർ | 17 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. മിഥുൻ ചുങ്കത്ത് | 22 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |

| | |
|---|---|
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 28 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പല്ലിശ്ശേരി പോൾ | 02.10.1997 |
| ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ് | 04.10.1991 |
| ഫാ. കാളച്ചേരി തോമസ് | 05.10.1977 |
| ഫാ. മണ്ടുംപാല പീറ്റർ | 09.10.1987 |
| മോൺ. വിളങ്ങാടൻ ജോസഫ് | 09.10.2011 |
| ഫാ. ചെറുവത്തൂർ ജോൺ | 11.10.1990 |
| ഫാ. കണ്ണാത്ത് ജോർജ്ജ് | 11.10.2016 |
| ഫാ. ചീരൻ സിജോ | 13.10.2014 |
| ഫാ. അറക്കൽ ഗീവർഗ്ഗീസ് | 13.10.1895 |
| ഫാ. ഊക്കൻ ജോൺ | 13.10.1956 |
| ഫാ. ചെറുനിലം മാത്യു | 13.10.1965 |
| ഫാ. വാലിക്കോടത്ത് ജോർജ്ജ് | 17.10.1968 |
| ഫാ. പൊറത്തൂർ ജോൺ | 17.10.1972 |
| ഫാ. മാളിയേക്കൽ തോമസ് ജൂനിയർ | 18.10.1950 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.10.2008 |
| ഫാ. ചൊവ്വല്ലൂർ ജേക്കബ് | 24.10.1999 |
| ഫാ. പാലത്തിങ്കൽ തോമസ് | 26.10.2004 |
| ഫാ. കടവി ജേക്കബ് | 27.10.1828 |
| ഫാ. ചാലക്കൽ തോബിയാസ് | 28.10.2020 |
| ഫാ. ഇരിമ്പൻ തോമസ് | 28.10.1957 |
| ഫാ. ആട്ടോക്കാരൻ ജോസഫ് | 29.10.1970 |
| ഫാ. ജോസ് ആലപ്പാട്ട് | 29.10.2015 |
| ഫാ. അക്കര പയസ് | 31.10.1948 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**1. സി എസ് സി**

2022 ആഗസ്റ്റ് 06,07,08 തിയതികളിൽ സി എസ് സി മരിയ ഭവൻ ജനറലേറ്റിന്റെ നേതൃത്വത്തിൽ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫ്രൻസ് ആത്മദർശൻ കോൺവെന്റ് മുല്ലക്കരയിൽ വച്ച് നടത്തി.

2022 ആഗസ്റ്റ് 13–ാം തിയതി രാവിലെ 09.30നു നിർമ്മാലാപുരം സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് തൃശ്ശൂർ അതിരൂപതമെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മരിയ പ്രവശ്യയിലെ 3 നവസന്ന്യാസിനികൾ സഭാവസ്ത്ര സ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും നടത്തി.

**2. സി.എസ്.എം ലൂർദ്നാഥ പ്രൊവിൻസ്**

ആഗസ്റ്റ് 13–ാം തിയ്യതി മണ്ണംപ്പേട്ട മേരി ഇമ്മാകുലേറ്റ് ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ 4 നോവിസസ് ആദ്യവ്രതവാഗ്ദാനവും 11 ജൂനിയേഴ്സ് നിത്വ്രതവാഗ്ദാനവും നടത്തി. ആഗസ്റ്റ് 14–ാം തിയ്യതി പടിഞ്ഞാറെകോട്ട സെന്റ് ആൻസ് ദൈവാലയത്തിൽവെച്ച് CSM ന്റെ 75–ാം ജൂബിലി വർഷ പ്രവേശനത്തോടനുബന്ധിച്ച് സ്ഥാപകപിതാവ് പെരിയ ബഹു. ജോൺ കിഴക്കൂടനച്ചന്റെ അനുസ്മരണാർത്ഥം ബഹു. ജോൺ അന്തിക്കാടനച്ചൻ ദിവ്യബലിയർപ്പിച്ചു. അതിനു

ശേഷം കബറിടത്തിൽനിന്നും ദീപശിഖ ജനറലേറ്റിലേക്ക് കൊണ്ടു പോവുകയും ചെയ്തു. ഓഗസ്റ്റ് 15 ന് രാവിലെ 10.30 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് 75–ാം ജൂബിലി വർഷ പ്രവേശനം ഉദ്ഘാടനം ചെയ്തു. ആഘോഷമായ ദിവ്യബലിക്കുശേഷം ലോഗോ പ്രകാശനവും ഇരു പ്രോവിൻസുകളിലേക്കും ദീപശിഖ പ്രയാണവും ഉണ്ടായിരുന്നു.

**3. സി.എം.സി**

പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ലോക്കൽ സുപ്പീരിയേഴ്സിനായി ഒരു ദിവസത്തെ സെമിനാർ, പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ആഗസ്റ്റ് 28 ന് ആലുവ ജനറലേറ്റിൽ വെച്ച് ദിവ്യബലിമധ്യേ വിവിധ പ്രോവിൻസുകളിൽ നിന്നായി 46 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. ആഗസ്റ്റ് 29 ന് വി. എവുപ്രാസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിൽ തൃശൂർ അതിരൂപതാ മെത്രാപോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമികത്വം വഹിച്ചു. മുള്ളൂർക്കര മഠത്തിന്റെ കല്ലിടൽ കർമം മുള്ളൂർക്കര ഇടവകവികാരി റവ.ഫാ.ഷിജു ചിറ്റിലപ്പിള്ളിയും മഠം കപ്ലോൻ റവ.ഫാ. ചാക്കോ ചിറമ്മലും ചേർന്ന് നിർവഹിച്ചു.

**4. എഫ്.സി.സി**

ആഗസ്റ്റ് 6 –ാം തീയതി വൈകീട്ടു 6 മുതൽ 8 –ാം തീയതി രാവിലെ വരെ അസ്സീസിയിൽ വച്ച് റവ. ഫാ.റിന്റോ പുതുശ്ശേരി സി.എം.ഐ യുടെ നേതൃത്വത്തിൽ ജൂണിയർ സിസ്റ്റേഴ്സിനായി ധ്യാനം നടത്തി. ആഗസ്റ്റ് 11–ാം തീയതി വി. ക്ലാരയുടെ തിരുന്നാളിനോടനുബന്ധിച്ച് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയിലും സ്നേഹവിരുന്നിലും വിവിധ സന്യാസിനീസമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു. 2022 ആഗസ്റ്റ് 13 ാം തീയതി രാവിലെ 9.30 മുതൽ 4 മണിവരെ ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ വിദ്യാഭ്യാസസെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Un aided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff ( Sisters & Lay Staff ) സംബന്ധിച്ചു.

ആഗസ്റ്റ് 14–ാം തീയയതി ബ്രഹ്മകുളം ഹോളിഫാമിലി കോൺവെന്റിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് മാർ ടോണി നീലങ്കാവിൽ പിതാവ് ഭവനത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു.

ആഗസ്റ്റ് 18–ാം തീയതി അടുപ്പുട്ടി ക്രിസ്തു ജ്യോതി കോൺവെന്റിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. അസ്സീസിയിൽ വച്ച് ആഗസ്റ്റ് 19 വൈകീട്ട് 6 മുതൽ 21 രാവിലെ വരെ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസും 20–ാം തീയതി 3 മണിയ്ക്ക് സുപ്പീരിയേഴ്സിനോടൊപ്പം ലോക്കൽ ട്രഷറർ, ലോക്കൽ സെക്രട്ടറി എന്നിവരുടെയും മീറ്റിംഗുകൾ നടന്നു.അന്നു തന്നെ അസ്സീസിയിൽ വച്ച് സോഷ്യൽ പ്രമോട്ടേഴ്സ്, സോഷ്യൽ കൺസൾട്ടന്റ്സ്, കമ്മറ്റി മെംബേഴ്സ് സ്ട്രീറ്റ് മിനിസ്ട്രി, സൺഡേ സേക്രഡ് മിനിസ്ട്രി എന്നിവർക്കായി മീറ്റിംഗ് നടന്നു.

5. **എംഎംബി**

മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി മരിയാപുരം മിഷൻ ഹോമിലെ നിത്യാരാധനാ കേന്ദ്രത്തിൽ 75 മണിക്കൂർ (ആഗസ്റ്റ് 12–15) അഖണ്ഡ ആരാധന നടത്തി. ആരാധനയുടെ പ്രാരംഭ തിരുക്കർമ്മങ്ങൾക്ക് ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി നേതൃത്വം നൽകി. സമാപന ദിനത്തിലെ ദിവ്യകാരുണ്യ പ്രദിക്ഷണത്തിലും സമാപന ദിവ്യബലിയിലും മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികനായിരുന്നു.

ബ്രദർ പൗലോസ് അരുമ്പൂപറമ്പിൽ എം.എം.ബി. രചിച്ച "സന്യാസ സഹോദര വിശുദ്ധർ – ജീവിതങ്ങളും സന്ദേശങ്ങളും" എന്ന പുസ്തകം സുപ്പീരിയർ ജനറൽ വെരി റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിന് ആദ്യപ്രതി നൽകിക്കൊണ്ടാണ് അഭിവന്ദ്യ പിതാവ് മാർ ടോണി നീലങ്കാവിൽ പ്രകാശനം നിർവ്വഹിച്ചത്. റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ പുസ്തകം പരിചയപ്പെടുത്തി. പ്രോവിൻഷ്യൽ സുപ്പീരിയർ വെരി. റവ. ബ്രദർ ജോസ് ചുങ്കത്ത്, വികർ ജനറൽ വെരി റവ. ബ്രദർ എഡ്വിൻ കുറ്റിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സന്യാസ സഹോദരന്മാരായ 50 വിശുദ്ധരുടെയും ഇന്ത്യയിൽ നിന്നുള്ള ദൈവദാസന്മാരായ ബ്രദർ ജോസഫ് തമ്പി, ബ്രദർ ഫോർത്തനാത്തൂസ് എന്നിവരുടെയും സമൃക്കായ ജീവചരിത്രമാണ് പുസ്തകത്തിലെ ഉള്ളടക്കം.

മരിയാപുത്തെ മിഷൻ ഹോം എൽ.പി. സ്കൂളിന്റെ പുതിയ ഓഡിറ്റോറിയം (റവ. ബ്രദർ ബെരാർഡ് തട്ടിൽ മെമ്മോറിയൽ ഓഡിറ്റോറിയം) സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ ജോസ് ചുങ്കത്ത് എം.എം.ബി. ഉദ്ഘാടനം ചെയ്തു. മരിയാപുരം വികാരി റവ. ഫാ. നോബി അമ്പൂക്കൻ പുതിയ ഓഡിറ്റോറിയം ആശീർവദിച്ചു.

## ആദരാഞ്ജലികൾ



18.08.2022 സി.എം.സി. ചൂണ്ടൽ മരീനാ ഹോം മഠാംഗമായ സി.മെലിറ്റ ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് കോനിക്കരയുടെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



26.08.2022 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി.ലിറ്റി റോസ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



22.7.2022 സി.എം.സി. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ സി. മേരി ആഗ്നസ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.



29.7.2022 സി.എം.സി. ചിയ്യാരം ലേഡി വിക്ടറി മഠാംഗമായ സി. ജീൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.

**സി. സോഫി പെരേപ്പാടൻ എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം പാലയൂർ

**വിശുദ്ധ ദേവസഹായം പിള്ളയുടെ തിരുശേഷിപ്പ് പാലയൂർ തീർത്ഥകേന്ദ്രത്തിൽ പ്രതിഷ്ഠിച്ചു.**

ഭാരതത്തിലെ പ്രഥമ അൽമായ രക്തസാക്ഷി വിശുദ്ധ ദേവസഹായം പിള്ളയുടെ തിരുശേഷിപ്പ് പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ പ്രതിഷ്ഠിച്ചു. തിരുകർമ്മങ്ങൾക്കും ദിവ്യബലിക്കും മെൽബൺ രൂപത ബിഷപ്പ് മാർ ബോസ്കോ പുത്തൂർ മുഖ്യ കാർമ്മികത്വം വഹിച്ചു. പരിപാടികൾക്ക് ആർച്ച് പ്രീസ്റ്റ് റവ ഡോ. ഡേവിസ് കണ്ണമ്പുഴ, സഹവികാരി ഫാ. മിഥുൻ വടക്കേത്തല, സെക്രട്ടറി സി. കെ. ജോസ്, കൈക്കാരന്മാരായ ബിനു താണിക്കൽ, ഫ്രാൻസിസ് മുട്ടത്ത്, തോമസ് കിടങ്ങൻ, ഇ. എഫ്. ആന്റണി, കേന്ദ്ര സമിതി കൺവീനർ സി. ഡി. ലോറൻസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ പ്രിയ കുഞ്ഞുമക്കളെ,

നിങ്ങളെല്ലാവരും ഓണവും ഓണാവധിയും നന്നായി ആഘോഷിച്ചു എന്ന് വിശ്വസിക്കുന്നു. വീണ്ടും സ്കൂളിലേക്ക് തിരിച്ചെത്തി പഠനത്തിന് തിരക്കിൽ പ്രവേശിച്ചിട്ടുണ്ടാകുമല്ലോ. നാം ഒക്ടോബർ മാസത്തിലേക്ക് എത്തിയിരിക്കുകയാണ്. ഒക്ടോബർ മാസം ജപമാല മാസമായാണ് തിരുസഭയിൽ ആഘോഷിക്കുന്നത്. ഒക്ടോബർ ഏഴിന് പരിശുദ്ധ ജപമാല റാണിയുടെ തിരുനാൾ ആഘോഷിക്കുന്നതാണ് ഇതിന് അടിസ്ഥാനം. ഓരോ ക്രിസ്ത്യാനിയെ സംബന്ധിച്ചും ജപമാല പ്രാർത്ഥന വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഒരു ജപമാലയെങ്കിലും ചൊല്ലാത്ത ദിവസം നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ജപമാലയുടെ മഹത്വവും അതിലൂടെ ലഭിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെയും കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ഒക്ടോബർ മാസത്തിൽ തിരുനാൾ ആഘോഷിക്കുന്ന പ്രധാന വിശുദ്ധർ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് നാം ധ്യാനിക്കുന്നത് നല്ലതാണ്. ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ലോകത്തോട് പലതവണ ആഹ്വാനം ചെയ്ത വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണെന്ന് ഏറ്റു പറയുന്നു. വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതി പറയുന്നത് 'സ്വർഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ചങ്ങലയാണ് പരിശുദ്ധ ജപമാല' എന്നാണ്. 'അതിന്റെ ഒരറ്റം നമ്മുടെ കൈയിലും മറ്റേയറ്റം പരിശുദ്ധ കന്യകയുടെ കൈയിലും പിടിച്ചിരിക്കുന്നു. അതിനാൽ ഈ വിശിഷ്ടമായ പ്രാർത്ഥനയാൽ എല്ലാ അനുഗ്രഹങ്ങളും നമുക്ക് നേടിയെടുക്കാൻ സാധിക്കു'മെന്ന് ഈ കൊച്ചുവിശുദ്ധ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസി ജപമാലയെ 'സ്വർഗ്ഗത്തിലേക്ക് കയറാനുള്ള പരിശുദ്ധ അമ്മയുടെ ഗോവണി'യായാണ് കാണുന്നത്. വിശുദ്ധ ജോൺ ഹെൻട്രി ന്യൂമാൻ നമ്മോട് പറയുന്നു, 'ജപമാല വളരെ നിസ്സാരമായും എളുപ്പമായും തോന്നാം. എന്നാൽ വലിയവരെ എളിമപ്പെടുത്താൻ ദൈവം നിസ്സാരമായവയെയും ചെറുതിനെയുമാണ് തിരഞ്ഞെടുക്കുന്നത്'. 'പരിശുദ്ധ ജപമാല സഭയുടെയും രാജ്യത്തിന്റെയും എന്ന് വേണ

ലോകത്തിന്റെയും മുഴുവൻ ആവശ്യങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥന യാണെ'ന്ന് വിശുദ്ധ ജോൺ 23-ാം മാർപാപ്പ വിശേഷിപ്പിക്കുന്നു. 'അനുദിനമുള്ള കുടുംബ പ്രാർത്ഥനയും പരിശുദ്ധ ജപമാലയുടെ പ്രാർത്ഥ നയും നമ്മുടെ കുടുംബത്തിൽ ദൈവത്തിന്റെ അനുഗ്രഹം നിറയ്ക്കുന്ന മാർഗ്ഗ'മായിട്ടാണ് വിശുദ്ധ പന്ത്രണ്ടാം പീയൂസ് മാർപാപ്പ നമുക്ക് പറഞ്ഞു തരുന്നത്.

സ്നേഹമുള്ള കൂട്ടുകാരെ, നമ്മുടെ കുടുംബങ്ങൾ കുഞ്ഞുസ്വർ ഗമായിതീരാൻ നിങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമില്ലേ? അതിന് കുടും ബാംഗങ്ങൾ ഒത്തൊരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് അത്യാവ ശ്യമാണ്. വളരെ പ്രത്യേകിച്ച് ഈ ഒക്ടോബർ മാസത്തിൽ നാം ഒത്തൊരു മിച്ച് ആഘോഷമായി ജപമാല ചൊല്ലാൻ ശ്രദ്ധിക്കണം. ജപമാല പ്രാർ ത്ഥനയിൽ കടന്നുകൂടാവുന്ന വിരസത മാറ്റാൻ ഏതാനും കാര്യങ്ങൾ ഞാൻ നിർദ്ദേശിക്കാം:

1. അനുയോജ്യമായ സമയം തിരഞ്ഞെടുക്കണം.
2. ഓരോ ദിവ്യരഹസ്യത്തിനും പ്രത്യേകം നിയോഗങ്ങൾ സമർപ്പിക്ക ണം.
3. ഓരോ ദിവ്യരഹസ്യത്തിനും ശേഷം പരിശുദ്ധ അമ്മയുടെ ഗാന ങ്ങളോ ഈരടികളോ പാടാം.
4. ചുറ്റുപാടും നിന്ന് പറിച്ച പൂക്കളും ഭംഗിയുള്ള തുണികളും മറ്റും ഉപയോഗിച്ച് പരിശുദ്ധ അമ്മയുടെ ഒരു രൂപമോ ചിത്രമോ വീട്ടിൽ പ്രത്യേകമായി അലങ്കരിച്ച് വയ്ക്കാം.
5. ഒരു ഭവനത്തിലെ എല്ലാവരും ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുന്നത് നല്ല താണ്. വിദേശത്തുള്ളവരും മറ്റും ഓൺലൈനിലൂടെ ഒരേസമയം കുടുംബ പ്രാർത്ഥനയിൽ പങ്കെടുക്കുന്ന നല്ലപതിവും ഈയിടെ കണ്ടു വരുന്നു.

വിശുദ്ധിയിൽ വളരാനുള്ള ഒരു അടിസ്ഥാന പ്രാർത്ഥനയാണ് പരിശുദ്ധ ജപമാല എന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു. പരിശുദ്ധ ജപമാല ചൊല്ലി വിശുദ്ധിയിലേക്ക് വളർന്ന പുണ്യാ ത്മാക്കൾ നിരവധിയാണ്. പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ നമുക്ക് അനുദിനം വളരാം. പരിശുദ്ധ ജപമാല നമ്മെ ഈശോയിലേക്ക് നയിക്കുന്ന കുറുക്കുവഴിയായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

വചനാഗ്നി 2022 ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളർന്ന് ധ്യാനം വൻ വിജയമാക്കിയ എല്ലാ വിശ്വാസപരിശീലകർക്കും വികാരിയച്ചന്മാർക്കും മറ്റ് എല്ലാവർക്കും ഹൃദയത്തിന്റ ഭാഷയിൽ നന്ദി പറയുന്നു. ധ്യാനത്തിൽ നിന്നു ലഭിച്ച കൃപകളും വരങ്ങളും വളർത്തുകയും അവ വിദ്യാർത്ഥികൾക്കു പകർന്നു കൊടുത്ത് വിശ്വാസപരിശീലനത്തിൽ ഒരു പുതുതുടക്കത്തിനു കാരണമാവുകയും ചെയ്യട്ടെ. കുട്ടികൾ അർദ്ധവാർഷികപരീക്ഷക്കു നന്നായി ഒരുങ്ങുകയും പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്യുക. പരി. മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ ആവശ്യമാണ്. ഈ ജപമാല മാസത്തിൽ മരിയഭക്തിയിൽ വളർന്ന് ജപമാലകൾ ചൊല്ലി നമുക്ക് മരിയൻ പടയാളികളാകാം.

## I. Sunday Catechism

### 1. വചനാഗ്നി – 2022

തൃശ്ശൂർ അതിരൂപതയിലെ അയ്യായിരത്തോളം വിശ്വാസപരിശീലകർക്കായി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2022 സെപ്റ്റംബർ 4 മുതൽ 7 വരെ വചനാഗ്നി ധ്യാനം നടത്തി. കൺവെൻഷന്റെ ഉദ്ഘാടനം സെപ്റ്റംബർ 4–ാം തിയതി ഉച്ചതിരിഞ്ഞ് 2 മണിക്ക് സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. നാലു ദിവസമായി നടത്തിയ കൺവെൻഷന് ഫാ. ഡാനിയേൽ പൂവണ്ണത്തിലാണ് നേതൃത്വം നൽകിയത്. മണ്ണുത്തി ഡോൺ ബോസ്കോ സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിലാണ് ധ്യാനം നടത്തിയത്. മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി, മോൺ. ജോസ് കോനിക്കര എന്നിവർ വിവിധ ദിവസങ്ങളിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ധ്യാനവിജയത്തിനായി 15 ദിവസം മുമ്പേ ഡി.ബി.സി.എൽ.സി. ചാപ്പലിൽ ആരംഭിച്ച നിത്യാരാധനയും മധ്യസ്ഥപ്രാർത്ഥനയും ധ്യാനദിവസങ്ങളിൽ ഡോൺ ബോസ്കോ സ്കൂൾ ചാപ്പലിൽ തുടർന്നു.

അതിരൂപതയിലെ മുഴുവൻ വിശ്വാസപരിശീലകരുടേയും സംഗമവും ഇതോടൊപ്പം നടന്നു. മോൺ.ജോസ് കോനിക്കര അധ്യക്ഷനായി. വചനാഗ്നി കൺവെൻഷന്റെ ആദ്യദിന പ്രഭാഷണം റവ. ഫാ. പോൾ സി.എം.ഐ. നടത്തി. വചനാഗ്നി തീം സോങ്ങ് പ്രകാശനം ചെയ്തു. കടുക് സ്പെഷൽ എപ്പിസോഡ് ട്രഷർ ഹണ്ട് എന്ന ഷോർട്ട് ഫിലിം

പ്രദർശിപ്പിച്ചു. മ്യൂസിക് ഡയറക്ടർ ശ്രീ. അൽഫോൻസ് ജോസഫ് ഷെയറിംഗ് & ഗാനാലാപനം നടത്തി. ക്രോസ് ടോക്ക് മ്യൂസിക് ബാൻഡിന്റെ പ്രെയ്സ് & വർഷിപ്പ്, വിശ്വാസപരിശീലകരുടെ പാനൽ ഷെയറിംഗ് എന്നിവ ഉണ്ടായിരുന്നു. സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ സെക്രട്ടറി ഫാ.തോമസ് മേലേവട്ടത്ത്, മോൺ. ജോസ് വല്ലൂരാൻ എന്നിവർ ആശംസകളർപ്പിച്ചു. ഡോൺ ബോസ്കോ ആശ്രമം റെക്ടർ ഫാ. തോമസ് കൂനൻ, വിശ്വാസപരിശീലന ഡയറക്ടർ ഡോ. ഫ്രാൻസിസ് ആളൂർ, അസി. ഡയറക്ടർ ഡോ.ലിജോ ചാലിശ്ശേരി, ഫാ. സിജോ മുരിങ്ങാത്തേരി, ഫാ. ജിക്സൺ മാളോക്കാരൻ, ഡോ. ടോണി ജോസഫ്, സി.ഷീബ റോസ്, ശ്രീമതി ജാൻസി പോൾ, ജനറൽ കൺവീനർ ശ്രീ. വി. കെ. ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

ധ്യാനത്തിന്റെ വിജയത്തിനായി അഹോരാത്രം പ്രയത്നിച്ച വിവിധ കമ്മിറ്റികളേയും അതിന് നേതൃത്വം കൊടുത്തവരേയും പങ്കെടുത്ത എല്ലാ അധ്യാപകരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**2. പ്രിൻസിപ്പാൾ കോൺഫറൻസ് – ഒക്ടോബർ 2 ഞായർ** 2pm to 5 pm, DBCLC

**3. അർദ്ധവാർഷികപരീക്ഷകൾ**

ഒക്ടോബർ 09 – Std. I, III, V, VII, IX, XI
ഒക്ടോബർ 16 – Std. II, IV, VI, VIII, X, XII, ACC

**4. സ്കോളർഷിപ്പ് പരീക്ഷ:** ഈ വർഷം നാലാം ക്ലാസ്സ് മുതൽ 11-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്. അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ (40 ൽ 32 മാർക്ക്) അതിൽ കൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തരകടലാസ്സുകൾ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം പുനർമൂല്യനിർണ്ണയത്തിനായി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഒക്ടോബർ 31 നു മുമ്പ് എത്തിക്കേണ്ടതാണ്.

**5. മാർക്ക് എൻട്രിയും ഹാജരും:** അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും നവംബർ 6 ഉൾപ്പെടെയുള്ള ഹാജരുകളും സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി നവംബർ 14 ആണ്. നവംബർ 14നു ശേഷം നവംബർ 6 വരെയുള്ള ഹാജർ രേഖപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**6. യൂണിറ്റ് വിസിറ്റ്:** ഒക്ടോബർ 23 മുതൽ നവംബർ 27 വരെ 6 ഞായറാഴ്ചകളിലായി യൂണിറ്റ് വിസിറ്റ് നടത്തപ്പെടുന്നു.

**7. നവംബർ 6:** വി.ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനു ബന്ധിച്ച് നവംബർ 6ന് ഇടവകതലത്തിൽ വിശ്വാസപരിശീലകദിനം വിപുലമായ പരിപാടികളോടെ ആഘോഷിക്കേണ്ടതാണ്.

**8.** SMCC**:** യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി കൾക്ക് നവംബർ 6–ാം തിയതി ഏകദിന ക്യാമ്പ് DBCLC യിൽ വെച്ച് നടക്കുന്നു.

ഏകദിന ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി കൾക്ക് നവംബർ 25 മുതൽ 27 വരെ ഡിബിസിഎൽസിയിൽ ക്യാമ്പ് നടക്കുന്നു.

**9. ബേസിക് സി ടി സി –** നവംബർ 11–13, നവംബർ 18–20 തിയതികളിൽ നടക്കുന്നു. ഈ തിയതികളിൽ സംബന്ധിക്കുന്നവർ സോഫ്റ്റ് വെയറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 80 ടീച്ചേഴ്സിനാണ് ഒരു കോഴ്സിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. വരുവാൻ താത്പര്യമുള്ളവർ മാത്രം രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ്– 400/–. മേൽപറഞ്ഞ ദിവസങ്ങ ളിൽ വെള്ളിയാഴ്ച 5 pm മുതൽ ഞായറാഴ്ച്ച 5 pm വരെ

**10. STD. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം STD. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവര ങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix)ആണ് അപ്ലോഡ് ചെയ്യേണ്ടത്.)

**11. സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൂർത്തീക രിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണ സഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേ ണ്ടതാണ്.

**12. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2022 – 23**

യൂണിറ്റ് തലം – 2022 ഡിസംബർ 4, ഞായർ – 03.00 PM - 04.30PM

പാഠ്യഭാഗം: 1. "സീറോമലബാർ സഭയുടെ നവീകരിച്ച കുർബാന ക്രമം വിശ്വാസികൾക്കുള്ള പരിശീലനം" ഈ പുസ്തകത്തിന്റെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. 2. കത്തോലിക്കാസഭ പത്രത്തിലെ ദർശനം പേജിലെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള ലേഖനം (2022 ജൂൺ മുതൽ നവംബർ ഉൾപ്പെടെ)

അതിരൂപതാതലം: 2023 ജനുവരി 1, ഞായർ– 02.30 PM - 04.30 PM, DBCLC

അധികപാഠ്യഭാഗം : വെളിപാട് 4,5,6 അധ്യായങ്ങൾ

**II. Daily Catechism**

Half Yearly Examination
Moral Science Std. XI - Date: 28-09-2022 10 am to 12 noon

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

- ആദ്യസെമസ്റ്ററിലെ Pentateuch (Rev. Fr. Denny Chirayath), Modern and Contemparary Church History (Rev. Dr. Paul Pulikkan), Introduction to the World Religions (Rev. Dr. Vincent Kundukulam), Prophets (Rev. Dr. Francis Kuthoor) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

- സെപ്റ്റംബർ 11, സെപ്റ്റംബർ 18 തിയ്യതികളിൽ 2022–2023 ബാച്ചുക്കാരുടെ ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Fr. Jerin Arimboor), വിശ്വാസപ്രമാണം (Rev. Dr. Lijo Chalissery) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

- Marriage inthe World and Marriage inthe Lord & Canonical Law regarding Marriage and Divorce (Rev. Dr. Francis Aloor) എന്ന വിഷയത്തിന്റെ ക്ലാസ്സ് സെപ്റ്റംപബർ 25 ന് നടന്നു.
- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ പരീക്ഷ സെപ്റ്റബർ മാസത്തിൽ മേരിമാതാ മേജർ സെമിനാരിയിലും DBCLC യിലും നടന്നു.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- അനുരഞ്ജന കൂദാശ (Rev. Dr. Denny Thanikkal) എന്ന വിഷയത്തിന്റെ ക്ലാസ്സ് സെപ്റ്റംബർ 25 ന് നടന്നു.

**6. Catechumenate Course**

- വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും.

**7. Basic Bible Course (BBC)**

- റവ. ഡോ. ലിൻസൻ തട്ടിൽ, ശ്രീ. ജോസഫ് പാറന്നൂർ ക്ലാസ്സുകൾ നയിക്കുന്നു.
- ഈ Course ൽ 86പേർ പങ്കെടുക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

## 1. Foundation Course

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഡി ബി സി എൽ സി കാമ്പസിൽ വച്ച് നടക്കുന്ന Excel Foundation Course (Std. 8,9,10,11,12) ന്റെ 2022– 23, പുതിയ ബാച്ചിന്റെ ആദ്യത്തെ ക്ലാസ്സ്, സെപ്റ്റംബർ 21–ാം തിയതി ബുധനാഴ്ച, (പൊതുഅവധി ദിവസം) എക്സൽ അക്കാദമിയിൽ നടന്നു. സയൻസ്, സിവിൽ സർവ്വീസ് എന്നീ രണ്ടു വിഭാഗങ്ങളിൽ ക്ലാസ്സുകൾ നടന്നിരുന്നു. അഡ്മിഷൻ തുടരുന്നു.

## 2. K-TET Course

എക്സൽ അക്കാദമിയുടെ K-TET കോഴ്സ് അടുത്തബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. 1,2,3,4 കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് (TTC, B.ED) അഡ്മിഷൻ എടുക്കാവുന്നതാണ്.

## 3. KER/KSR Course

സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ, അധ്യാപകർ നിർബന്ധമായും പാസ്സായിരിക്കേണ്ട KER/KSR കോഴ്സിന്റെ പുതിയ ബാച്ച് അഡ്മിഷൻ ആരംഭിക്കുന്നു.

## 4. ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യ പരിശീലനം

കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരള സർക്കാരിന്റെ ന്യുനപക്ഷവകുപ്പിന്റെ സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാംശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സൗജന്യ PSC ക്ലാസ്സുകൾ നടക്കുന്നു. അഡ്മിഷൻ തുടരുന്നു. ക്രിസ്ത്യൻ സമുദായത്തിന് സർക്കാർ നൽകുന്ന ആനുകൂല്യമാണ്, ന്യൂനപക്ഷവകുപ്പിന്റെ സൗജന്യ PSC പരിശീലന ക്ലാസ്സുകൾ. അത് മനസ്സിലാക്കി എല്ലാ ഇടവകകളിലും ഇക്കാര്യം അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 9847276657 / 9744941585

| | |
|---|---|
| **മാണി കെ. പീറ്റർ** | **ഫാ. ഫ്രാൻസീസ് ആളൂർ** |
| അക്കാദമിക്ക് ഹെഡ് | ഡയറക്ടർ |

# മേരിമാത
# മേജർ സെമിനാരി

**ഓണാഘോഷം**

കേരളത്തിന്റെ തനതു ഉത്സവമായ ഓണം ആഗസ്റ്റ് 27 –ാം തിയ്യതി ആഘോഷിച്ചു. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ അന്നേദിവസം സംഘടിപ്പിക്കുകയുണ്ടായി.

**ഡീക്കൻ മിനിസ്ട്രി**

അജപാലന അനുഭവങ്ങൾ സ്വായത്തമാക്കാനായി വിവിധ ഇടവകകളിലായി 2022 ഏപ്രിൽ 1 –ാം തിയ്യതി ആരംഭിച്ച തങ്ങളുടെ ശുശ്രൂഷകൾ പൂർത്തിയാക്കി 2022 ആഗസ്റ്റ് 31 –ാം തിയ്യതി ബഹു. ഡീക്കന്മാർ സെമിനാരിയിൽ തിരിച്ചെത്തി.

**സെമിനാരി രജതജൂബിലി**

സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ച് സെപ്റ്റംബർ തിരുവചനമാസമായി ആചരിക്കുന്നു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ ഗ്രന്ഥം പ്രത്യേക പീഠത്തിൽ പ്രതിഷ്ഠിച്ച് ആചരണം ഉദ്ഘാടനം ചെയ്തു. തിരുവചനം കൂടുതൽ വായിക്കാനും ആഴത്തിൽ പഠിക്കാനും ധ്യാനിക്കാനും പ്രസ്തുത ആചരണം ലക്ഷ്യമിടുന്നു.

**പരീക്ഷകൾ**

2022–2023 അദ്ധ്യയനവർഷത്തിലെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 2 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ നടന്നു. ഈ അദ്ധ്യയനവർഷം ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ BA/STB Research Papers ഡിഫൻസ് സെപ്റ്റംബർ 2, 8 തിയതികളിലും രീാ്യൂലവലിശ്ശേ്ല ീ്യമഹ & ്യശലേി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 16, 23 തിയ്യതികളിലുമായി നടത്തപ്പെട്ടു.

**സഭാനവീകരണ പ്രാർത്ഥനായജ്ഞം**

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് കേരള സഭാനവീകരണത്തിനായുള്ള നാല്പതുദിന പ്രാർത്ഥനായജ്ഞം സെപ്റ്റംബർ 9 –ാം തിയ്യതി സെമിനാരിയിൽ ആരംഭിച്ചു. നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഓരോ ദിവസവും ഓരോ രൂപതക്കും ഏതാനും ഇടവകകൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്.

**മാസധ്യാനം**

സെപ്റ്റംബർ 16, 17 തിയ്യതികളിൽ നടന്ന ഒന്നാം സെമസ്റ്ററിലെ അവസാനത്തെ മാസധ്യാനം മണ്ണുത്തി ഡോൺബോസ്ക്കോ ഭവൻ റെക്ടർ റവ. ഫാ. തോമസ് കൂനൻ SDB നയിച്ചു. ജീവിതത്തെ നന്നായി വിലയിരുത്തി നവീകരണത്തിനുതകുന്ന തീരുമാനങ്ങൾ എടുക്കാൻ ധ്യാനം ഏറെ സഹായകമായി.

**എക്സ്പോഷർ പ്രോഗ്രാം**

അനുദിന ജീവിതത്തിൽ സാധാരണ മനുഷ്യൻ അനുഭവിക്കുന്ന നോവും പരാധീനതകളും അടുത്തറിയാൻ സെപ്റ്റംബർ 18 മുതൽ 24 വരെ നടന്ന എക്സ്പോഷർ പ്രോഗ്രാം വൈദികവിദ്യാർത്ഥികളെ സഹായിച്ചു. മിഷൻ അനുഭവങ്ങൾ സ്വായത്തമാക്കാനായി ബഹു. ഡീക്കന്മാർ സെപ്റ്റംബർ 24 –ാം തിയ്യതി വടക്കേ ഇന്ത്യയിലേക്ക് യാത്ര തിരിച്ചു.

**വൈദികരുടെ വാർഷിക ധ്യാനം**

തൃശൂർ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 18 –ാം തിയ്യതി മുതൽ 30–ാം തിയ്യതി വരെയുള്ള ദിവസങ്ങളിലായി നടന്നു. ബഹു. കുര്യൻ പുരമഠത്തിലച്ചനും ബഹു. ബെന്നി പുത്തൻനടയിലച്ചനും ധ്യാനം നയിച്ചു.

**അവധി ദിനങ്ങൾ**

സെപ്റ്റംബർ 24 –ാം തിയ്യതി മുതൽ അവധി ആരംഭിച്ചു. കുടുംബാംഗങ്ങളോടും ബന്ധുക്കളോടും ഇടവകക്കാരോടും സുഹൃത്തുക്കളോടുമൊപ്പം സമയം ചെലവഴിച്ച് കൂടുതൽ ഉണർവ്വും അനുഭവസമ്പത്തും സ്വന്തമാക്കി ഒക്ടോബർ 9 –ാം തിയ്യതി വൈദികവിദ്യാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തും.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**സ്വാതന്ത്ര്യ ദിനാഘോഷം ജൂബിലിയിൽ**

ഇന്ത്യയുടെ 75–ാംമത് സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ചു ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ പതാക ഉയർത്തി.

**ഗ്രാജുവേഷൻ സെറിമണി 2022**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ 15–ാം ബാച്ച് ബി. എസ്. സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 7–ാം ബാച്ച് എം. എസ്. സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടെയും ബിരുദദാന ചടങ്ങ് ബിഷപ്പ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കേരള ആരോഗ്യ സർവകലാശാല ഗവേഷണവിഭാഗം മേധാവി ഡോ. കെ. എസ്. ഷാജി ബിരുദദാനം നടത്തി. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ (KUHS) ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (QAS) അക്രഡിറ്റേഷനിൽ എ ഗ്രേഡ് ലഭിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈയും, ഡോ. സി. ഫിലോ രശ്മിയും, വൈസ് പ്രിൻസിപ്പളായ സി. ട്രീസ ആന്റോയും മറ്റ് ടീമംഗങ്ങളും ചേർന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

**ജൂബിലിയിലെ വിദ്യാർത്ഥികൾക്ക് 100% വിജയം**

മെഡിക്കൽ റെക്കോർഡ്സ് ഡിപ്ലോമ പരീക്ഷയിൽ 100% വിജയം കൈവരിച്ച ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് സയൻസ് 10–ാംമത് (2019–2022) ബാച്ച് വിദ്യാർത്ഥികൾക്ക് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. അസി. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, സി. മാഗി, ശ്രീമതി മിനു തങ്കച്ചൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**ഗൈനക്കോളജി ശില്പശാല**

കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റിയുടെ പന്ത്രണ്ടാമത് അന്താരാഷ്ട്ര സെമിനാർ ടോഗ്സിക്കോൺ (TOGSICON) ലുലൂ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള ലൈവ് വർക്ക്ഷോപ്പുകളും പ്രമുഖ അന്താരാഷ്ട്ര വിദഗ്ധരുടെ

ക്ലാസുകളും ഉണ്ടായിരുന്നു.

**സൗജന്യ മെഗാ മെഡിക്കൽ മേള നടത്തി**

തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ദേവാലയത്തിൽ നടന്ന സൗജന്യ മെഗാ മെഡിക്കൽ മേളക്ക് റവന്യൂ മന്ത്രി കെ. രാജൻ തിരികൊളുത്തി. വൈദ്യരത്നം ഗ്രൂപ്പ് ചെയർമാൻ അഷ്ടവൈദ്യൻ ശ്രീ. ഇ.ടി. നീലകണ്ഠൻ മൂസ്സ് അദ്ധ്യക്ഷത വഹിച്ചു. കൽദായ സുറിയാനി സഭാ അദ്ധ്യക്ഷൻ മാർ അപ്രേം മെത്രാപോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. വികാരി ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ, കൗൺസിലർ സി.പി. പോളി, JHI ബിന്ദു, ആൻജോ ജോസ്, ജോബി കറുകമാലിൽ, ലിവിൻ വിൻസെന്റ്, അൽനറ്റ് മേജു, വിബിൻ വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

**പുതിയ മോർച്ചറി ആരംഭിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആറാം ഗെയ്റ്റിനു സമീപം 7 ഫ്രീസറുകളോട് കൂടിയ പുതിയ മോർച്ചറി ആരംഭിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഡോ. ഫാ. ഡെമിൻ തറയിൽ പുതിയ മോർച്ചറിയുടെ വെഞ്ചിരിപ്പ് കർമവും പാസ്റ്ററൽ ടീം മെമ്പർ ഫാ. പോൾ ആലപ്പാട്ട് പുതിയ ഫ്രീസറിന്റെ സ്വിച്ച് ഓൺ കർമവും നിർവഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പാസ്റ്ററൽ ടീം മെമ്പർ ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ, നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ തുടങ്ങിയവരും മറ്റു ഹോസ്പിറ്റൽ ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

**നേത്രദാനവാരം ആചരിച്ചു**

ജൂബിലി മിഷൻ ആശുപത്രിയും തൃശ്ശൂർ ലയൺസ് ക്ലബ്ബ്, ഡി. എം. ഒ. – എൻ. പി. സി. ബി., ഐ. എം. എ., കെ. എസ്. ഒ. എസ്., ടി. എ. സി. ഒ. എന്നീ സംഘടനകളും സംയുക്തമായി രണ്ടാഴ്ച നീണ്ടുനിൽക്കുന്ന നേത്രദാന പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. ലയൺസ് ക്ലബ്ബ് പ്രസിഡന്റ് അഡ്വ. ആന്റോ അക്കര ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. സതീഷ് കെ. എൻ. മുഖ്യപ്രഭാഷണം നടത്തി. ഐ. എം. എ. സെക്രട്ടറി ഡോ. ജോസഫ് ജോർജ്ജ്, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, ജൂബിലി ഐ. എം. എ. മെമ്പർ ഡോ. നവീൻ ഐസക്ക് ജോൺ എന്നിവർ ആശംസാപ്രസംഗം നടത്തി. കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക്ക് സർജൻസിന്റെ മുൻ പ്രസിഡന്റ് ഡോ. ബാബു കൃഷ്ണകുമാർ നേത്രദാനപ്രതിജ്ഞ ചൊ

ല്ലികൊടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നേത്രരോഗവിഭാഗം മേധാവി ഡോ. സി. വി. ആൻഡ്രൂസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശ്ശൂർ അക്കാദമി ഓഫ് ഒഫ്താൽമോളജി പ്രസിഡന്റ് ഡോ. റോളണ്ട് ഗോഡ്‌ലി നന്ദി പറഞ്ഞു. ഡോ. രേഷ്മ സെബാസ്റ്റ്യൻ, ഡോ. ബൃന്ദ, ഡോ. ജെസ്മി എന്നിവർ നേത്രദാന സെമിനാറിന് നേതൃത്വം നൽകി.

**ദേശീയ കോൺഫ്രൻസിൽ മുഖ്യാതിഥി**

മംഗലാപുരത്തെ ശ്രീനിവാസ് യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അലൈഡ് ഹെൽത്ത് സയൻസിൽ 'ഗവേഷണത്തിലെ നൂതന രീതി'കളെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തിൽ ജൂബിലി ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. അലക്സ് ജോർജ് പ്രത്യേക ക്ഷണിതാവായി പങ്കെടുത്തു.

**അഭിനന്ദനങ്ങൾ.. ആശംസകൾ..**

- ഇന്ത്യൻ സൈക്യാട്രി സൊസൈറ്റിയുടെ 38-ാമത് വാർഷിക കോൺഫറൻസ് SIPSCON 2022 നോടനുബന്ധിച്ചു നടത്തിയ പോസ്റ്റർ മത്സരത്തിൽ ജൂബിലി സൈക്യാട്രി വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ഡോ. അൽക്ക ബേബി ഒന്നാം സ്ഥാനം നേടി.
- Haematocon 2022 നോടനുബന്ധിച്ചു നടത്തിയ നാഷണൽ ഹെമറ്റോളജി ക്വിസിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ ഡോ. മാഗ്ലിൻ മോണിക്ക, ഡോ. കാവ്യ എ, ഡോ. ഷെറിൻ എസ് ജോൺ എന്നിവർ രണ്ടാം സ്ഥാനം നേടി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- തോമസ് വി.വി, വടക്കൻ ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ
- ജെസ്ന വർഗ്ഗീസ്, ചിറ്റിലപ്പിള്ളി ഹൗസ്, തൃശ്ശൂർ
- ജഗ്ഗിൻ ജോസ്, എലുവത്തിങ്കൽ ഹൗസ്
- Noretsa ഫാർമസ്യൂട്ടിക്കൽ പ്രൈവറ്റ് ലിമിറ്റഡ്
- സ്റ്റെല്ല മേച്ചേരി, മേച്ചേരി ഹൗസ്

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഷെറിൻ ഷാജു, ചേറൂർ, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- നൈബി വർഗ്ഗീസ്, ചിറ്റിലപ്പിള്ളി ഹൗസ്, തൃശ്ശൂർ
- ഷീജ എം. റപ്പായി, പൈനാംബ്രമറ്റത്തിൽ ഹൗസ്, അരണാട്ടുകര,

തൃശ്ശൂർ

- തോമസ് (ലേറ്റ്), എടമന ഹൗസ്, കല്ലൂർ, തൃശ്ശൂർ
- ജെ.എം.എച്ച്.എഫ്.സി. കോൺവെന്റ്, തൃശ്ശൂർ
- അനുജ അശോക്, കുരുതുകുളം ഹൗസ്, അമലനഗർ, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ആസാദി കാ അമൃത് മഹോത്സവ്**

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി സെന്റ് തോമസ് കോളേജിൽ ഇന്ത്യൻ സ്വാതന്ത്ര്യദിന ജൂബിലി ആഘോഷ മത്സരങ്ങൾ സംഘടിപ്പിച്ചു. ചിത്രരചന, പ്രസംഗം, ഉപന്യാസം, കവിതാലാപനം, ക്വിസ്, ദേശഭക്തിഗാനം എന്നീ ഇനങ്ങളിൽ ഇന്റർ കോളേജിയേറ്റ് മത്സരങ്ങളും, വിദ്യാർത്ഥികൾക്കായി 'സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ' എന്ന സെമിനാറും സംഘടിപ്പിച്ചു.

എന്റർപ്രണർഷിപ്പ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ നിർമ്മിച്ച പതാകയുടെ ആദ്യ വിൽപ്പന ഉദ്ഘാടനം മാനേജർ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്ക് ഉത്തേജനം പകർന്ന് 1927ൽ ഗാന്ധിജി സന്ദർശിച്ച കോളേജിൽ ഗാന്ധി സ്മരണയും സ്വാതന്ത്ര്യ പോരാട്ട സ്മരണകളും, വിദ്യാർത്ഥി ഹൃദയങ്ങളിൽ വാനോളം ഉയർത്തി.

എൻ.സി.സി രണ്ട് ബറ്റാലിയന്റെ പരേഡിനോടു കൂടി കോളേജിൽ ദേശീയ പതാക ഉയർത്തി. പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യ ദിനത്തിൽ തേക്കിൻകാട് മൈതാനത്ത് നടന്ന എൻ.സി.സി പരേഡിൽ കോളേജിന് ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

**2. ജീസസ്സ് യൂത്ത്**

കോളേജിലെ ജീസസ്സ് യൂത്ത് വിദ്യാർത്ഥികൾ അശരണരായ പാ

തയോരത്തെ വ്യക്തികൾക്ക് ‘മന്നാ’ എന്ന പേരിൽ പൊതിച്ചോർ വിതരണം നടത്തി.

**3. ഇൻഡക്ഷൻ പ്രോഗ്രാം**

യു.ജി, പി.ജി പുതിയ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കായ് 5 ദിവസത്തെ ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. ഫാ. രാജു അക്കര ക്ലാസ്സുകൾ നയിച്ചു.

**4. ചാരിറ്റി പ്രവർത്തനം**

മാത്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ മരിയാപുരത്തെ വൃദ്ധസദനം സന്ദർശിച്ച് ചാരിറ്റിപ്രവർത്തനം നടത്തി. മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മുളയത്തെ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച് ചാരിറ്റി പ്രവർത്തനം നടത്തി.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥിയായ ആൻബെല്ലയുടെ ചികിത്സാ സഹായമായി ജോയ് ആലൂക്കാസ് ഗ്രൂപ്പ് ഒരു ലക്ഷം രൂപ കോളേജ് പ്രിൻസിപ്പലിന് കൈമാറി.

**5. നാക്ക് മോക്ക് വിസിറ്റ്**

നാക്ക് അക്രിഡേഷന്റെ ഭാഗമായി ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് ക്ലാസ്സും, ഡിപ്പാർട്ട്മെന്റ് തലത്തിൽ പുരോഗതി പ്രസന്റേഷനും നടന്നു.

**6. ഉത്ഘാടനം ചെയ്തു**

പുതിയ ചാപ്പൽ, കോൺഫ്രൻസ് ഹാൾ, കൺട്രോളർ ഓഫീസ്, ജൂബിലി ബ്ലോക്ക് റിസപ്ഷൻ എന്നിവ വെഞ്ചിരിച്ച് മനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

**7. ഓണാഘോഷം**

ഈ വർഷം വിദ്യാർത്ഥികൾക്കായി വടംവലി മത്സരം, മെഗാ തിരുവാതിര, പൂക്കള മത്സരം, ഓണപ്പാട്ട് മത്സരം എന്നീ പ്രവർത്തനങ്ങളിലൂടെ ഓണാഘോഷം നടത്തി. ഓണാഘോഷ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. മിജോയ് ജോസിനും, കായിക അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

ഇ. ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് വിവിധ തരം കാർഷിക നിർമ്മാണ സാമഗ്രികളുടെ വില്പന നടത്തി. ഓണ വിപണി സമൃദ്ധി എന്ന പേരിൽ ഓണ വിഭവങ്ങൾ വില്പന നടത്തി. കുക്കറി ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധതര ഭക്ഷ്യ ഓണ വിഭവങ്ങൾ വില്പന നടത്തി.

റിട്ടയേർഡ് സ്റ്റാഫിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. മുൻ അദ്ധ്യാപകനും കാലടി ശ്രീ ശങ്കര സംസ്കൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. എം. പി. നാരായണൻ ഉത്ഘാടനം ചെയ്തു. വൈസ് ചാൻസലർ പദവി ലഭിച്ച പൂർവ്വ അദ്ധ്യാപകനെ റിട്ടയേർഡ് സ്റ്റാഫ് പൊന്നാടയണിയിച്ച് ആദരിച്ചു. മെമെന്റോ നൽകി കോളേജ് ആദരിച്ചു.

**8. മത്സരങ്ങൾ**

മീഡിയ സ്റ്റഡിയുടെ ആഭിമുഖ്യത്തിൽ 'ന്നാ താൻ ഫോട്ടോ കൊട്' എന്ന പേരിൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. ക്യാഷ് പ്രൈസ് വിതരണം ചെയ്തു.

ഡാറ്റ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ടെക്ക് ഫെസ്റ്റിനു വേണ്ടിയുള്ള ലോഗോ ഡിസൈൻ കോമ്പിറ്റിഷൻ നടത്തി.

**9. വിശുദ്ധയുടെ കബറിടം സന്ദർശിച്ചു**

വിശുദ്ധ എവുപ്രാസിയമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജീസസ്സ് യൂത്ത് അംഗങ്ങൾ ഒല്ലൂരിലെ വിശുദ്ധയുടെ കബറിടം സന്ദർശിച്ച്, ബലിയർപ്പിച്ചു. എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ നേതൃത്വം നൽകി.

**10. കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.

**11. അഭിനന്ദനങ്ങൾ**

തൃശൂർ ജില്ല വികസനസമിതി ഊർജ്ജ മേഖല കമ്മിറ്റി അംഗമായി ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. വിമൽ കുമാറിനെ തെരഞ്ഞെടുത്തതിൽ അഭിനന്ദനങ്ങൾ.

ഫിസിക്സ് ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. ജോ കിഴക്കൂടന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്സ് വിഭാഗം റിസർച്ച് ഗൈഡായി അംഗീകരിച്ചു. അഭിനന്ദനങ്ങൾ.

**12. ഇന്റർനാഷണൽ കൊളാബ്രേഷൻ**

ഫിസിക്സ് ഡിപ്പാർട്ട്മെന്റും, ഐ.എം, ഇ.എം, സി എൻ ആർ, പാർമ ഇറ്റലി എന്നീ സ്ഥാപനങ്ങളുമായി സ്മാർട്ട് എനർജി പ്രോഗ്രാം പ്രവർത്തനങ്ങളിൽ കൊളാബ്രേഷൻ ധാരണയായി.

**13. പ്ലെയ്സ്മെന്റ് ലഭിച്ചു**

ഈ മാസം പ്ലെയ്സ്മെന്റ് സെല്ലിന്റെ പ്രവർത്തന ഫലമായി 24 കുട്ടികൾക്ക് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് ലഭിച്ചു.

ടി.സി.എസ്–1, ടെക് മഹേന്ദ്ര–4, വിപ്രോ–1, എമിറെറ്റസ്–2, ബൈ

ടെസ്ട്രോൺ–4, ഇ.പൈ–6, മാക്സ്‌വെൽ–1, കെ.എൻ–1, മംണപ്പുറം–2, ഫെഡറൽ ബാങ്ക്–2.

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് അവബോധം നൽകുന്നതിനായി ക്ലാസ്സ് സംഘടിപ്പിച്ചു.

**14. സംഭാവന നൽകി**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ പൂർവ്വ അദ്ധ്യാപകൻ പ്രൊഫ. എം.എ. ആന്റോ കോളേജിന്റെ റിനോവേഷൻ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപാ സംഭാവന ചെയ്തു.

**15. സെമിനാറുകളും വെബിനാറുകളും**

1. 'ലേൺ സ്റ്റർട്ടപ്പ് ആൻഡ് മിനമം വയബിൻ പ്രോഡക്റ്റ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ശ്രീ വർഗ്ഗീസ് പോൾ ക്ലാസ്സ് നയിച്ചു.
2. ഡാററ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഹൗ റ്റു ബിക്കം എ സക്സസ്ഫുൾ എന്റർ പ്രോണോർ'എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ശ്രീ ധീരജ് മോഹൻ ക്ലാസ്സ് നയിച്ചു.
3. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ "മെഷ്യൻ ലേണിങ്ങ് ബെയ്സ്ഡ് പ്രോഡക്ട്" എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. ശ്രീ. മിഥുൻലാൽ കെ.ബി വർക്ക്ഷോപ്പ് നയിച്ചു.
4. 'പ്രൊട്ടോടൈപ്പ് ഡിസൈൻ ആന്റ് ഡെവലെപ്പ്മെന്റ്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സ,ംഘടിപ്പിച്ചു. മിസ്. ഷെമീറ എ. വർക്ക്ഷോപ്പ് നയിച്ചു.
5. 'ഐ.പി.ആർ അവർനസ് പ്രോഗ്രാം' സംഘടിപ്പിച്ചു. ഡോ. അഭിഷേക് സച്ചൻ വെബിനാർ നയിച്ചു.
6. ഇ.ഡി ക്ലബിന്റേയും കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും ആഭിമുഖ്യത്തിൽ 'എക്സില്ലറേറ്റിംഗ് ഓപ്പോർച്ചൂനിറ്റീസ് ഫോർ ഏർളി സ്റ്റേജ് എന്റർപ്രനോർസ്'എന്ന വിഷയത്തിൽ വെബിനാർ സ,ംഘടിപ്പിച്ചു. മിസ് ലക്ഷ്മി നരേന്ദ്രൻ വെബിനാർ നയിച്ചു.
7. ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഹൗ റ്റു പ്ലേൻ ഫോർ സ്റ്റാർട്ട് അപ്പ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മിസ്. എയ്ഞ്ചലറ്റ് സി.ജെ. വെബിനാർ നയിച്ചു.
8. 'എന്റർപ്രണോർഷിപ്പ് പ്രാക്ടീസസ് ഇൻ നേഴ്സറി മാനേജ്മെന്റ്' എന്ന വിഷയത്തിൽ വർക്ഷോപ്പ് നടത്തി. ഡോ. ജോൺ പോൾ സി.ഐ, ശ്രീ അഖിൽ പി. തോമസ്, ശ്രീ ജോസ് എന്നിവർ വർക്ഷോപ്പിന് നേതൃത്വം നൽകി.
9. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇലക്ട്രോണി

ക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം മൂന്നു ദിവസങ്ങളിലായി നൽകി.

10. ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഇന്നൊവേഷൻ റ്റു എന്റർപ്രണോർഷിപ്പ് ജേർണി' എന്ന വിഷയത്തിൽ വെബിനാർ നടത്തി. ശ്രീ അജയ് ബെസിൽ വർഗ്ഗീസ് നേതൃത്വം നൽകി.
11. റീഡേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 'പോയറ്ററി, കൾച്ചർ, എക്സ്പ്രഷൻ' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. മിസ്. സബിത സത്ച്ചി പ്രഭാഷണം നടത്തി.
12. ബോട്ടണി ഡിപ്പാർട്ട്മെന്റും, ഒ.എസ്.എ യും സംയുക്തമായി അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് മൺമറഞ്ഞ അദ്ധ്യാപകരെ അനുസ്മരിച്ച് വെബിനാർ സംഘടിപ്പിച്ചു. പൂർവ്വ വിദ്യാർത്ഥികളായ ഡോ. മഹേന്ദ്രകുമാർ, കണ്ണൂർ യൂണിവേഴ്സിറ്റി, മിസ് ഐശ്വര്യ കെന്റ്, സ്റ്റേറ്റ് യൂണിവേഴ്സിറ്റി യു.എസ്.എ. എന്നിവർ വെബിനാർ നയിച്ചു.
13. കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ബിസിനസ് മോഡൽ കേൻവാസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. സവിത നായർ വെബിനാർ നയിച്ചു.

**16. എൻ.എസ്.എസ്**

എൻ.എസ്.എസ് ഉം ലയൺസ് ക്ലബുമായി ചേർന്ന് ഇന്റർ നാഷണൽ സെൽഫ് ഡിഫൻസ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീമതി സുഷമ നന്ദകുമാർ ഉത്ഘാടനം ചെയ്തു. ശ്രീ പുട്ടാ വിമലാദിത്യാ ഐ.പി.എസ്, പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. എന്നിവർ സ,ംസാരിച്ചു.

**17. ഹാർ ഗാർ തരംഗ്**

ഹാർ ഗാർ തരംഗിന്റെ ഭാഗമായി വിദ്യാർത്ഥികൾ വീടിന്റെ പ്രധാന ഭാഗത്ത് സ്വാതന്ത്ര്യദിനത്തിൽ ദേശീയ പതാക ഉയർത്തി സല്യൂട്ട് ചെയ്തു.

ഒല്ലൂർ വില്ലേജ്, കോളേജ് കൃഷിയിടം വൃത്തിയാക്കലും വ്ലഡ് ഡൊണേഷൻ ക്യാമ്പും നടത്തി.

**18. ആദരാജ്ഞലികൾ**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ റിട്ടയേഡ് അദ്ധ്യാപകൻ ഡോ. സി.പി ജോസിന്റെ നിര്യാണത്തിൽ കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപക അനദ്ധ്യാപകരും അനുശോചനം രേഖപ്പെടുത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**17–ാമത് സിനർജി സെമിനാർ സംഘടിപ്പിച്ചു**

17–ാമത് സിനർജി സീരിസിന്റെ ഭാഗമായി IQACയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 1 ന് സെമിനാർ സംഘടിപ്പിച്ചു. ശ്രീമതി. ആൻജോർജ് (അസി.പ്രൊഫ. ഇൻ എഡ്യുക്കേഷൻ) അവയർനസ് എസ്.ആൻ ഇൻസ്ട്രുമെന്റ് ടു യൂടൈലൈസ് കൺസ്യൂമർ എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു. സെമിനാർ കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അദ്ധ്യക്ഷത വഹിച്ചു.

**ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു**

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം വിവിധ പരിപാടികളോടെ ആഗസ്റ്റ് 12–ാം തിയ്യതി ആഘോഷിച്ചു.

**അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചു**

കോളേജിന്റെ 20–ാം വാർഷികത്തോടനുബന്ധിച്ച് 4–ാമത് അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചു. സമൂഹത്തിന് എൻജിനീയറിങ്ങ് തൊഴിൽ മേഖലയിലുള്ള വിശ്വാസ്യതയെ കുറിച്ചും ധാർമികതയെക്കുറിച്ചും വിശകലനം ചെയ്തുകൊണ്ടുള്ള സെമിനാർ ബെൽജിയം ല്യൂവൈൻ യൂണിവേഴ്സിറ്റി പ്രൊഫസർ ജോൺ ഡി ടവനിയർ വിശദമായി അവതരിപ്പിച്ചു. അന്തർദേശിയ സെമിനാറിൽ വിവിധ കലാലയങ്ങളിൽ നിന്നുള്ള അധ്യാപകരും, വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

**കമ്മ്യൂണിറ്റി ലിവിംങ് ക്യാമ്പ് സംഘടിപ്പിച്ചു**

ബി.എഡ് പാഠ്യപദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ലിവിംങ് ക്യാമ്പ് ആഗസ്റ്റ് 22, 23, 24, 25 തിയ്യതികളിൽ സംഘടിപ്പിച്ചു. കെ.എ മൊഹയുദ്ധീൻ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ നാസ ഗഫൂർ, പി.കെ.മഞ്ജു, സന്തോഷ് കലാഗ്രാമം, ശങ്കരനാരായണൻ പലേരി, റവ.ഫാ.അലക്സ് മരോട്ടിക്കൽ എന്നിവർ നയിച്ച വിവിധ ക്ലാസുകളുണ്ടായിരുന്നു.

**ജൂബിലിയുടെ നിറവിൽ മഹാജൂബിലി കോളേജ്**

കോളേജിന്റെ ഇരുപതാം വർഷത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികൾ ആഗസ്റ്റ് 29ന് 2.30 pm ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് അരങ്ങേറി. മാനേജരായ മോൺ ജോസ് കോനിക്കര അധ്യക്ഷത വഹിച്ച ചടങ്ങിന് ഉദ്ഘാടനം നിർവഹിച്ചത് അഭ്യവന്ദ്യ മാർ ആൻഡ്രൂസ്

താഴത്ത് പിതാവായിരുന്നു. ചടങ്ങിൽ ആർച്ച് ബിഷപ്പ് എമിരറ്റസ് അഭ്യ വന്ദ്യ മാർ ജേക്കബ് തൂങ്കുഴി അനുഗ്രഹ പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ.ചാക്കോ ചിറമ്മൽ റിപ്പോർട്ട് അവതരിപ്പിച്ചു. കോളേജ് ബർസാർ ഫാ.വർഗ്ഗീസ് കുത്തൂർ, അസി.മാനേജർ ഡോ.ഷിജു ചിറ്റില പ്പിള്ളി, പി.ടി.എ പ്രസിഡന്റ് ശ്രീമതി മിനി സി.ഡി, അധ്യാപക പ്രതി നിധി ശ്രീമതി ഷീബ വി.ജോസ്, എം.എഡ് പ്രതിനിധി ഫാ.അഭിലാഷ് വി.എസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി റോസ്‌വിൻ സി.പീറ്റർ സ്വാഗതം ആശംസിക്കുകയും കോളേജ് ചെയർപേ ഴ്സൺ ഭവ്യ കെ.എസ് നന്ദി അർപ്പിക്കുകയും ചെയ്തു. പൂർവ്വ വിദ്യാർത്ഥികളുടെ സാന്നിധ്യം യോഗത്തെ ധന്യമാക്കി.

**ഓണ നിറവിൽ അധ്യാപകദിനവും**

ഈ ഓണക്കാലത്ത് മഹാജൂബിലി കലാലയത്തിൽ ഓണാ ഘോഷവും അധ്യാപകദിനവും ഒരുമിച്ച് സെപ്റ്റംബർ 1 ന് ആഘോഷി ച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് നടന്ന മെഗാ തിരുവാതിരകളിയും അധ്യാപക ദിനത്തോടനുബന്ധിച്ച് നടന്ന വിവിധ കലാപരിപാടികളും ശ്രദ്ധേയമായിരുന്നു. മെഗാ തിരുവാതിരകളിയിൽ നാല്പതോളം വിദ്യാർത്ഥിനികൾ പങ്കെടുത്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ...**

1 ശനി – വി. കൊച്ചുത്രേസ്യ
2 ഞായർ – ഗാന്ധിജയന്തി
4 ചൊവ്വ – വി. ഫ്രാൻസീസ് അസ്സീസ്സി
7 വെള്ളി – ആദ്യവെള്ളി, വി. കുർബാന
9 ഞായർ – തപാൽദിനം
16 ഞായർ – ലോകഭക്ഷ്യദിനം

| | | |
|---|---|---|
| 24 തിങ്കൾ | – | യു.എൻ. ദിനം |
| 31 തിങ്കൾ | – | ഇന്ദിരാഗാന്ധി ചരമദിന |

**2. സ്കോളർഷിപ്പ് പരീക്ഷ**

4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ 2022 ഒക്ടോബർ 15 ലും ഒക്ടോബർ 22 ലും (ശനിയാഴ്ചകൾ) നടത്തുന്നതാണ്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**3. ജപമാലമാസം**

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലോ. ജപമാലഭക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക – അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലൊ.

**4. അവാർഡ് ഡേ**

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ അവാർഡ് ഡേ ആഗസ്റ്റ് 31–ാം തീയതി 2 മണിക്ക് ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽവെച്ച് സാഘോഷം സംഘടിപ്പിച്ചു. കോർപറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം യോഗത്തിന് സ്വാഗതം ആശംസിച്ചു അതിരൂപത വികാരി ജനറാൾ മോൺ ജോസ് കോനിക്കര അദ്ധ്യക്ഷത വഹിച്ച യോഗം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. എസ്. എസ്. എൽ. സി., പ്ലസ്ടു വിഭാഗത്തിൽ ഉന്നതവിജയം നേടിയ വിദ്യാലയങ്ങൾക്കും Full A+ നേടിയ വിദ്യാർത്ഥികൾക്കും ഉന്നതവിജയം നേടിയ അധ്യാപകർക്കും അഭിവന്ദ്യ ടോണി പിതാവ് അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ഫാ. റാഫേൽ താണിശ്ശേരി, ഫാ. ജിയോ കടവി, എം. സി. ജോസഫ് മാസ്റ്റർ, കെ. എഫ്. ബാബു മാസ്റ്റർ, പി. ജെ. ജോൺ മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കെ. എ. ബെന്നി മാസ്റ്റർ യോഗത്തിന് നന്ദി രേഖപ്പെടുത്തി. വിവിധ വിദ്യാലയങ്ങളെ പ്രതിനിധീകരിച്ച് ഏകദേശം 700 ഓളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**നന്ദിയോടെ.....**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 ഡിസംബർ, 2022 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിവാഹിതരായ നവദമ്പതികൾക്കുവേണ്ടിയുള്ള തുടർപരിശീലനം നടത്തുകയുണ്ടായി. പങ്കെടുത്ത നവദമ്പതികൾക്കും അവരെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും ഒത്തിരി നന്ദി.

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസത്തിൽ പൂച്ചിന്നിപാടം ഇടവകയിൽ നടത്തുകയുണ്ടായി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ അകന്ന ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ലൈംഗിക വിദ്യാഭ്യാസം, മനശാസ്ത്ര വിഷയങ്ങൾ, പ്രണയം, വിവിധ അഡിക്ഷൻസ്, ദൈവവിളികൾ എന്നീ വിഷയങ്ങളാണ് ഈ കോഴ്സിന്റെ ഉള്ളടക്കം. ഈ വിഷയങ്ങളിൽ വിദഗ്ദരായവരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ഏകദേശം 3 മണിക്കൂർ ദൈർഘ്യമുള്ളതാണ് ഈ കോഴ്സ്. ചെറിയ ഇടവകകൾ ആണെങ്കിൽ +1, +2, ACC യുവജനങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടും ഈ പരിപാടി അച്ചന്റെ ഇടവകയിൽ സംഘടിപ്പിക്കാം. പുതിയ യുവതയ്ക്ക് അവരുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. ഇതിനകം പുതുക്കാട്,

അമ്മാടം, പാലക്കൽ, മരത്താക്കര, ചിറ്റിലപ്പിള്ളി എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. ഏറെ മനോഹരമാക്കാൻ സഹായിച്ച എല്ലാ വികാരിമാർക്കും നന്ദി പറയുന്നു.

**മരിയൻ കൗൺസിലിങ്ങ് സെന്റർ**

ദാമ്പത്യ തകർച്ച, സ്വഭാവ വൈകല്യം, ജോലി ഇല്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട്, തകർന്ന കുടുംബ ബന്ധങ്ങൾ, അമ്മായിയമ്മ-മരുമകൾ പ്രശ്നം തുടങ്ങിയ നിരവധി സംഗതികൾ നിങ്ങളെ അലട്ടുന്നെങ്കിൽ, പ്രശ്നങ്ങൾ മുളയിലേ പരിഹരിക്കാനായി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഒരുക്കിയിരിക്കുന്ന കൗൺസിലിങ്ങ് സൗകര്യം ഉപയോഗിക്കാവുന്നതാണ്. എല്ലാ തിങ്കൾ മുതൽ വെള്ളി വരെ ഈ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ആവശ്യമുള്ളവർ നേരത്തെ ഫോൺ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെയുള്ള ഫോൺ നമ്പറിൽ വിളിക്കുക 8089114327.

**Innovative Christian Baby Names**

അർത്ഥവത്തായ ഒരു ക്രിസ്തീയ നാമം മാമ്മോദീസായ്ക്കു മുൻപ് കണ്ടെത്തുക എന്നുള്ളത് ഏറെ വിഷമകരമാണ്. ഈ ഒരു ഉദ്യമത്തിൽ മാതാപിതാക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ വെബ് സൈറ്റ് http://www.trichurfamilyapostolate.org/Baby. ഈ വെബ് സൈറ്റ് തുറന്നാൽ ആയിരത്തിലധികം ക്രിസ്തീയ നാമങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കും. ഓരോ ദിവസത്തെയും പ്രത്യേകമായ വിശുദ്ധന്റെയോ വിശുദ്ധയുടെയോ പേരുകളും കൂടാതെ ബൈബിൾ അധിഷ്ഠിതമായിട്ടുള്ള ക്രിസ്തീയ നാമങ്ങളും അതിനെക്കുറിച്ചുള്ള ചെറിയ വിവരണവും അതിൽ നൽകിയിട്ടുണ്ട്. നിങ്ങളുടെ പൊന്നോമനയ്ക്ക് ഉചിതമായ പേരു നൽകുവാൻ ദൈവം ഈ ഉദ്യമത്തിലൂടെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

**പാരന്റിങ്ങ് മിനിസ്ട്രി**

നമ്മുടെ മക്കളെ മിടുക്കരായി വളർത്തുവാൻ മാതാപിതാക്കൾക്ക് വ്യക്തമായ ആസൂത്രണവും ചില മനശ്ശാസ്ത്ര അറിവുകളും ആത്മീയ വരങ്ങളും ഉണ്ടാകണം. പാരന്റിങ്ങ് മിനിസ്ട്രിയുടെ ക്ലാസ്സുകൾ ഇടവകയിൽ നടത്തുവാൻ ആഗ്രഹിക്കുന്നവർ വിളിക്കേണ്ട നമ്പർ – 8086677252, 9605043327.

**ഏലീശ്വാ സഹഗമനം**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ തന്നെ

ആരംഭിക്കുന്നു എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്ന കാലമാണ് ഇത്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇതിന് സഹായിക്കുന്നതിനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ പ്രോലൈഫിന്റെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും സഹകരണത്തോടെ ഗർഭാവസ്ഥയിലായിരിക്കുന്ന അമ്മമാർക്കായി ഗർഭകാലം മുഴുവൻ നീണ്ടു നിൽക്കുന്ന അനുഗ്രഹ അനുയാത്ര സംരംഭമാണ് ഏലീശ്വാ സഹഗമനം. താൽപര്യമുള്ളവർക്ക് വിളിക്കേണ്ട നമ്പറുകൾ 8592098070, 9446311141, 8128015627, 9846852420, 7034048280, 9526794373.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർസ്

# കുടുംബക്കൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മ മദർ തെരേസാ അനുസ്മരണം നടത്തി**

വി. മദർ തെരേസായുടെ 25–ാം ചരമവാർഷികത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 5–ാം തിയ്യതി തിങ്കളാഴ്ച്ച വി. മദർതെരേസയെ അനുസ്മരിച്ചു. തദവസരത്തിൽ ദീർഘകാലം മദർ തെരേസായുടെ കൂടെ ജീവിക്കുകയും ആ സന്യാസസമൂഹത്തിന്റെ പ്രൊകൂറേറ്ററായി സേവനം ചെയ്യുകയും ചെയ്ത ചാരിറ്റി മിഷണറി സഭാംഗവും, അത്താണി ഇടവകക്കാരിയുമായ സി. ജോയലിനെ മദർ തെരേസായോടുള്ള ബഹുമാനാർത്ഥം അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ പൊന്നാട അണിയിച്ച് ആദരിക്കുകയും ജനറൽ കൺവീനർ ശ്രീ പോൾ പാറക്കൽ മദർ തെരേസ അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ജനറൽ സെക്രട്ടറി ഷിന്റോ മാത്യു, ട്രഷറർ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ജെയ്സൻ മാണി, കേണൽ റെജീന ജെയിം

സ്, ജോ. സെക്രട്ടറിമാരായ ഷെറിൻ ഡേവീസ്, ഷൈനി ഫ്രാൻസീസ്, കമ്മിറ്റി അംഗം എ. എൽ കുരിയാക്കോസ് ഫൊറോന കൺവീനർമാരായ ഫ്രാൻസീസ് സി.എ., അഡ്വ സന്തോഷ് മണ്ടുംപാല, ബിജു വർഗ്ഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2022–2025**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്ക് ആഗസ്റ്റ് മാസത്തിലും ഇലക്ഷൻ നടന്നു കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഫൊറോന കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ പൂർത്തിയാ ക്കേണ്ടതിനാൽ ഇടവകയിലെ യൂണിറ്റിലെ എല്ലാ ഭാരവാഹികളുടേയും ഇടവക കേന്ദ്രസമിതി പുതിയ ഭാരവാഹികളുടേയും പേര്, അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ നിശ്ചിത അപേക്ഷ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തി സെപ്റ്റംബർ 5–ാം തിയ്യതിക്കുള്ളിൽ എത്തിക്കാൻ പറഞ്ഞിരുന്നു. ഇനിയും കുറച്ച് യൂണിറ്റുകൾ ഫോമുകൾ എത്തിച്ചിട്ടില്ല. എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കുമല്ലോ.

**ഫൊറോനതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

1. ഓരോ ഫൊറോനയിലെയും കുടുംബക്കൂട്ടായ്മ ആനിമേറ്ററച്ചൻമാർ ഫൊറോന ചെയർമാനുമായി(ഫൊറോന വികാരി) ആലോചിച്ച് ഇലക്ഷൻ നടത്തേണ്ട സ്ഥലവും തീയ്യതിയും തീരുമാനിക്കുകയും ആ ഫൊറോനയിലെ എല്ലാ ഇടവക വികാരിയച്ചന്മാരെ ഈ കാര്യം അറിയിച്ച് ഓരോ ഇടവകയിലെയും കേന്ദ്രസമിതി ഭാരവാഹികളെ ഫൊറോന തിരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.
2. ആനിമേറ്ററച്ചൻമാർ ഫൊറോന തിരഞ്ഞെടുപ്പ് തിയ്യതിയും, സ്ഥലവും അതിരൂപത ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതും തിരഞ്ഞെടുപ്പിന് അതിരൂപത നിരീക്ഷകരെ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
3. ഓരോ ഇടവകയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട – കൺവീനർ, ജോ. കൺവീനർമാർ (1 പുരുഷൻ, 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, വികാരിയച്ചൻ ഇടവക ജനറൽ ബോഡിയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതാണ് (9 പേർ)ഫൊറോന കുടുംബകൂട്ടായ്മ ജനറൽബോഡി.
4. ഫൊറോന ജനറൽബോഡിയിൽ നിന്നാണ് ഫൊറോന കുടുംബ

കൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ.കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.

5. ഫൊറോന കേന്ദ്രസമിതിയിൽ ഒരു ഇടവകയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
6. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമപ്രകാരമുള്ള പ്രായപൂർത്തി ആയിട്ടുള്ളവരായിരിക്കണം.
7. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഏഴ് ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
8. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
9. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദമില്ല.
10. ഫൊറോന ആനിമേറ്ററച്ചൻ ചെയർമാനുമായി (ഫൊറോന വികാരി) ആലോചിച്ച് കുടുംബകൂട്ടായ്മ ഫൊറോന ജനറൽ ബോഡിയിൽ നിന്ന് പ്രതിനിധികൾ ഇല്ലാത്ത ഇടവകകളിൽനിന്ന് 2 പേരെ കേന്ദ്ര സമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.
11. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കേന്ദ്രസമിതി ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം, ഇടവക, ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തിയ ഫോമുകൾ ഫൊറോന ചെയർമാനും (ഫൊറോന വികാരി), ആനിമേറ്ററും സാക്ഷ്യപ്പെടുത്തിയ ശേഷം അതിരൂപത നിരീക്ഷകരുടെ കൈവശമോ അല്ലാത്ത പക്ഷം ഏറ്റവും അടുത്ത ദിവസം അതിരൂപത കുടുംബക്കൂട്ടായ്മ ഓഫീസിലോ എത്തിക്കേണ്ടതാണ്.
12. 2022 ഡിസംബർ 11 ന് അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.
13. അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പിൽ 16 ഫൊറോനയിലെ 9 പേരടങ്ങുന്ന ഭാരവാഹികളും അഭിവന്ദ്യ പിതാവ് നാമനിർദേശം ചെയ്യുന്ന അംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്.

**മെറിറ്റ് ഡെ**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഒക്ടോബർ 30 2.30 pm ന് മെറിറ്റ് ഡെയായി ആചരിക്കുന്നു. അന്നേദിനം കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് 10,12 ക്ലാസ്സുകളിൽ ഫുൾ എ

പ്ലസ് വാങ്ങിയവരെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുന്നതുമായിരിക്കും.

**സെപ്തംബർ 5ന് നടന്ന ഫൊറോന ആനിമേറ്റർ അച്ചന്മാരുടേയും വർക്കിങ്ങ് കമ്മിറ്റി അംഗങ്ങളുടെയും സംയുക്ത യോഗ റിപ്പോർട്ടിലെ പ്രധാന തീരുമാനങ്ങൾ**

1. കുടുംബകൂട്ടായ്മ ഫൊറോന ഇലക്ഷൻ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി നടത്തണമെന്നും ഇതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പുതിയ ഭാരവാഹികളുടെ ഡാറ്റ എൻട്രി ചെയ്യാനുള്ള ഫോമും ആനിമേറ്റർ അച്ചന്മാരെ ഏൽപ്പിച്ചു. ഫൊറോന ഇലക്ഷൻ തിയ്യതി എന്നാണ് എന്നുള്ളത് അതിരൂപത ഡയറക്ടറെ അറിയിക്കണമെന്നും ഇതനുസരിച്ച് അതിരൂപത നിരീക്ഷകർ ഫൊറോന ഇലക്ഷനിൽ പങ്കെടുക്കണമെന്നും തീരുമാനിച്ചു.
2. ഇടവകകളിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമം ഫൊറോന തലത്തിൽ ഏറ്റവും അടുത്ത മാസങ്ങളിൽ നടത്തണമെന്നും ഇതിന്റെ ചിലവ് ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ഫൊറോന ഫണ്ടിൽ നിന്ന് എടുക്കണമെന്നും തീരുമാനിച്ചു.
3. നവംബർ മാസത്തിൽ ഇടവകയിൽ കുടുംബകൂട്ടായ്മയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ സംഗമം അതിരൂപത തലത്തിൽ നടത്തണമെന്നും തീരുമാനിച്ചു.
4. അഭിവന്ദ്യ പിതാക്കന്മാരുടെ സൗകര്യാർത്ഥമുള്ള തിയ്യതി നോക്കി മെറിറ്റ് ഡേ (കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്കുള്ള 10, +2 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് നേടിയവർക്ക് 2019—2022 കാലയളവിലെ) നടത്തുവാൻ തീരുമാനിച്ചു.
5. കുടുംബകൂട്ടായ്മയിലെ യുവജന ഭാരവാഹികളുടെ സംഗമം ഏറ്റവും അടുത്ത മാസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു.
6. ഇടവക പ്രതിനിധി യോഗത്തിൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർമാർ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടാത്ത സാഹചര്യത്തിൽ ആ ഇടവകയിലെ പ്രതിനിധി യോഗത്തിലേക്ക് കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനറെ എക്സ് ഒഫീഷ്യായി ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും എന്ന യോഗത്തിലെ അഭിപ്രായം പരിഗണിച്ച് അതിരൂപത കൂരിയായിലേക്ക് അപേക്ഷ നൽകുവാൻ തീരുമാനിച്ചു.

**ആദരാഞ്ജലികൾ**

അതിരൂപത കുടുംബകൂട്ടായ്മയുടെ പ്രാരംഭ വൈദികനായ ഫാ.

ജോസഫ് ഏലിയാസ് സി.എം.ഐ യുടെ നിര്യാണത്തിൽ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ അനുശോചനം രേഖപ്പെടുത്തുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിച്ചുകഴിഞ്ഞു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. ഒക്ടോബർ മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ ഗലാത്തിയ, എഫേസോസ്, ഫിലിപ്പി, കൊളോസോസ്, 1,2 തെസലോനിക്ക, 1,2 തിമോത്തേയോസ്, തീത്തോസ് എന്നീ പുസ്തകങ്ങളാണ്.

**മോണോ ആക്ട് മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള മോണോ ആക്ട് മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഒക്ടോബർ 15 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 വരെ നടത്തുന്നതാണ്. താഴെ പറയുന്ന നിയമാവലിക്കനുസൃതമായി പങ്കെടുക്കുന്നവർ ഒരുങ്ങാൻ ശ്രമിക്കുമല്ലോ.

1. മോണോ ആക്ട് മത്സരം ഒക്ടോബർ 15 ന് ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 ന് ആരംഭിക്കുന്നതാണ്. 1.45 ന് എല്ലാ മത്സരാർത്ഥികളും ചെസ്റ്റ് നമ്പർ സ്വീകരിക്കേണ്ടതാണ്.

2. മോണോ ആക്ടിന്റെ വിഷയം – ക്രിസ്തീയ മൂല്യാധിഷ്ഠിതമായിരിക്കണം.
3. ഒരു ഇടവകയിൽ നിന്ന് രണ്ടിൽ കൂടുതൽ മത്സരാർത്ഥികൾ പങ്കെടുക്കാൻ അനുവാദമില്ല.
4. മത്സര സമയം 5 മിനിറ്റ്. 4 മിനിറ്റിൽ വാണിങ്ങ് ബെൽ അടിക്കും. 5 മിനിറ്റിൽ സമാപനം.
5. മത്സരത്തിന് വാദ്ധ്യോപകരണങ്ങൾ അനുവദിച്ചിട്ടില്ല.
6. മൈക്ക് ഉണ്ടായിരിക്കുന്നതല്ല.
7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഒക്ടോബർ 3 തിങ്കൾ വൈകീട്ട് 6.30 മുതൽ 7.30 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാല മാസമായ ഒക്ടോബർ മാസത്തിൽ അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥി

ക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് നാം അഭിലഷിക്കുന്നത്.

നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗത്തിനുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു. ഒക്ടോബർ മാസം മുഴുവൻ അതിരൂപത പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്റ്റോലേറ്റിൽ വച്ച് രാവിലെ 10 മണി മുതൽ 4 മണി വരെ അഖണ്ഡ ജപമാല ഉണ്ടായിരിക്കുന്നതാണ്.

**നന്ദിയോടെ**

തൃശ്ശൂർ അതിരൂപതയിലെ അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിൽ വച്ച് നടത്തുകയുണ്ടായി. ഇതിൽ സംബന്ധിച്ച എല്ലാ അദ്ധ്യാപകർക്കും ഇവരെ പറഞ്ഞയച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും ഉദ്ഘാടനം നിർവ്വഹിച്ച മോൺ. ജോസ് കോനിക്കരയച്ചനും വിവിധങ്ങളായ വിഷയങ്ങൾ പങ്കുവച്ച എല്ലാവർക്കും ഒത്തിരി ഒത്തിരി നന്ദി.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

## പ്രവാസി രക്ഷാ ഇൻഷുറൻസ് പദ്ധതി

പ്രവാസികൾക്കായി വെറും 550 രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിച്ച് കേരള സർക്കാർ. വിദേശത്തുള്ള പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമാണ് നോർക്ക–റൂട്ട്സ് ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തിയത്. പ്രവാസി രക്ഷാ എന്ന പേരിലാണ് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നത്. പതിനെട്ടിനും അറുപതിനും ഇടയിൽ പ്രായമുള്ള പ്രവാസികളും അവരോടൊപ്പം വിദേശത്ത്

താമസിക്കുന്നവരും പദ്ധതിയുടെ പരിധിയിൽ വരും. പ്രതിവർഷം 550 രൂപയാണ് പ്രീമിയം.  ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത് പ്രതിവർഷം 550 രൂപ നൽകിയാൽ 13 രോഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം ലഭിക്കും.

Cancer, Kidney failure(end stage renal failure), Primary pulmonary arterial Hypertension- Cardiologist/Pulmonologist, Multiple Sclerosis, Major organ transplant, Coronary artery by-pass grafts, Aorta graft surgery, Heart Valve surgery, Stroke, Myocardial Infarction (First heart Attack), Coma, Total Blindness, Paralysis എന്നിവയാണ് 13 രോഗങ്ങൾ.  ഒരു ലക്ഷം രൂപയാണ് ചികിത്സാച്ചെലവായി ലഭിക്കുക. 6 മാസമെങ്കിലും വിദേശത്തുള്ളവരായിരുന്ന, വാലിഡ് പാസ്പോർട്ട്, വിസ, പ്രവാസി ഐഡി കാർഡ് എന്നിവയുള്ളവർക്കാണ് അപേക്ഷിക്കാൻ യോഗ്യത

നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റായ www.norkarosto.org ലെ സേവന വിഭാഗത്തിലെ പ്രവാസി ഐഡി കാർഡ് വിഭാഗത്തിൽ നിന്ന് ഓൺലൈനായി നിങ്ങൾക്ക് സ്കീമിൽ ചേരാം. ഓൺലൈനായും ഫീസ് അടക്കാം. വിശദ വിവരങ്ങൾ നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിലും norka.raksha@gmail.com എന്ന ഇമെയിൽ വിലാസത്തിലും ലഭ്യമാണ്. വിവരങ്ങൾ 91–417–2770543, 91–471–2770528, 18004253939, 00918802012345 (വിദേശത്തു നിന്നുള്ള മിസ്ഡ് കോൾ സേവനം) എന്നീ നമ്പറുകളിൽ ലഭ്യമാണ്. പ്രായപരിധി – പതിനെട്ടിനും അറുപതിനും ഇടയിൽ.

**പോസ്റ്റ് ഓഫിസ് പദ്ധതി**

ഒറ്റത്തവണ നിക്ഷേപിച്ചാൽ മതി, പ്രതിമാസം പണം നിങ്ങൾക്ക് ലഭിക്കും, പോസ്റ്റ് ഓഫിസ് പദ്ധതി. കൈയിലുള്ള ചെറിയ നിക്ഷേപം കൊണ്ട് മാസ വരുമാനം നേടാൻ പോസ്റ്റ് ഓഫിസിൽ ഒരു പദ്ധതിയുണ്ട്. ഒറ്റത്തവണ നിക്ഷേപിച്ച് മാസ വരുമാനം നേടുന്ന പോസ്റ്റ് ഓഫിസ് മന്ത്‌ലി ഇൻകം സ്കീമാണ് ഇത്. നിലവിൽ 6.6 ശതമാനമാണ് പോസ്റ്റ് ഓഫീസ് മന്ത്‌ലി ഇൻകം സ്കീമിന്റെ പലിശ.

പോസ്റ്റ് ഓഫിസ് മന്ത്‌ലി ഇൻകം പദ്ധതി പ്രകാരം അക്കൗണ്ടിൽ 2 ലക്ഷം രൂപ നിക്ഷേപിച്ചാൽ 5 വർഷത്തേക്ക് മാസത്തിൽ 1,100 രൂപ ലഭിക്കും. 3.50 ലക്ഷം നിക്ഷേപിക്കുന്നൊരാൾക്ക് മാസത്തിൽ 1,925 രൂപയാണ് ലഭിക്കുക. വ്യക്തിഗത അക്കൗണ്ടിലെ പരമാവധി നിക്ഷേപമായ 4.5 ലക്ഷം നിക്ഷേപിച്ചാൽ 2,475 രൂപയും സംയുക്ത അക്കൗണ്ടിൽ 9.5 ലക്ഷം നിക്ഷേപിച്ചാൽ 4,950 രൂപയും ലഭിക്കും.

മാസത്തിൽ പലിശ സ്വീകരിച്ചില്ലെങ്കിൽ പോസ്റ്റ് ഓഫീസ്

സേവിംഗ്സ് അക്കൗണ്ടിലേക്ക് ഈ തുക ക്രെഡിറ്റ് ചെയ്യപ്പെടും. ഇതിന് 4 ശതമാനം പലിശയും ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള പോസ്റ്റ് ഓഫീസിൽ ചെന്ന് അക്കൗണ്ട് തുറക്കുക, പണം നിക്ഷേപിക്കുക.

**സെപ്റ്റംബർ മാസത്തിൽ EWS Reservation സെമിനാർ സംഘടിപ്പിച്ചു..**

പാത്രാമംഗലം ഇടവകയിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ EWS Reservation നെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ റോണി അഗസ്റ്റിൻ, ഡോ.മേരി റജീന എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക.

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപ്പൊസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# പിതൃവേദി



**അതിരൂപത പിതൃവേദിക്ക് പുതിയ നേതൃത്വം**

നമ്മുടെ അതിരൂപതയിലെ പിതൃവേദിയുള്ള ഇടവകകളിലെ എല്ലാ ഭാരവാഹികളുടെയും സംയുക്ത മീറ്റിങ്ങ് ഓഗസ്റ്റ് 21 ഞായർ 2.30 മുതൽ 4.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുകയുണ്ടായി. ഇതിൽ വച്ച് അടുത്ത മൂന്ന് വർഷത്തേക്ക് വേണ്ട അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. പ്രസിഡണ്ട് – ജോജു നീലങ്കാവിൽ, വൈസ് പ്രസിഡണ്ട് – ജോസഫ് പി. ടി., സെക്രട്ടറി – ജോമോൻ ജോസ്, ജോ. സെക്രട്ടറി – ജോബി ഫ്രാൻസീസ്, ട്രഷറർ – സണ്ണി തയ്യാലക്കൽ. പുതിയ നേതൃത്വത്തിന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

Santhwanam
ARCHDIOCESE OF TRICHUR

**കേരള കർഷകദിനം**

കർഷകദിനത്തിൽ തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ സ്നേഹനിധിയിലെയും, സ്വയം സഹായ സംഘത്തിലെയും മികച്ച കർഷകരെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടന്ന സെമിനാറിൽ പങ്കെടുപ്പിച്ചു. അരണാട്ടുകര, ചുവന്നമണ്ണ്, മുക്കാട്ടുകര, പെരിഞ്ചേരി, പനമുക്ക് എന്നീ യൂണിറ്റുകളിലെ കർഷകരെയാണ് പങ്കെടുപ്പിച്ചത്. അതോടൊപ്പം അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും വളങ്ങളും നൽകുകയുണ്ടായി. കോർഡിനേറ്റർ നേതൃത്വം നൽകി.

**ജൈവകൃഷി സെമിനാർ**

അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ പ്രൊഫ.ദയാലിന്റെ നേതൃത്വ

ത്തിൽ സംഘടിപ്പിച്ച അർദ്ധദിന സെമിനാറിൽ സാന്ത്വനം കോർഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ് പങ്കെടുത്തു.

**മണ്ണ് പരിശോധന നടത്തി**

മുല്ലകൃഷിയുടെ പരിപാലനവുനായി ചുവന്നമണ്ണ് ഇടവകയിലും കോൺവെന്റിലും, 10 കർഷകരുടെ കൃഷി സ്ഥലങ്ങളിലും മണ്ണ് പരിശോധിക്കുകയും ഓരോ സ്ഥലത്തിനും അനുയോജ്യമായ വിധത്തിൽ ജൈവവളം ഇടുന്നതിന് നിർദേശങ്ങൾ നൽകുകയും ചെയ്തു. സാന്ത്വനം അസോ. ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, SPC കോർഡിനേറ്റർ ശ്രീ.ബാസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**പരിശീലനം നൽകി**

വെട്ടുകാട് ഇടവകയിലെ പ്രത്യാശ SHG യിലെ അംഗങ്ങൾക്ക് മണ്ണ് പരിശോധനുമായി ബന്ധപ്പെട്ട് പരിശീലനം നൽകി. മണ്ണിന്റെ പിഎച്ച് മൂല്യം നോക്കി ജൈവവളം നൽകുന്ന പുതിയ സംവിധാനം, ടീമംഗങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.സാന്ത്വനം അസോ.ഡോ.ഫാ.ജോസ് വട്ടക്കുഴി, SPC കോർഡിനേറ്റർ ശ്രീ.ബാസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലിയിൽ നിന്നും സഹായം ലഭിച്ച ഇടവകയും സംഖ്യയും.

ചേർപ്പ് – 64788/–; കുറ്റൂർ – 13507/–; കോടന്നൂർ – 28061/–; കോട്ടപ്പടി – 52511/–; ഒല്ലൂർ – 65097/–; വീണ്ടശ്ശേരി – 19601/–

**മൈഗ്രന്റ് പ്രോഗ്രാം**

തൃശൂർ ജില്ലയിലെ അതിഥി തൊഴിലാളികൾക്കായി സാന്ത്വനവും കാരിത്താസ് ഇന്ത്യയും ചേർന്ന് ആരംഭിച്ച സേഫ് മൈഗ്രേഷൻ പ്രോഗ്രാം തൃശൂർ ജില്ലയിൽ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികളായവരുടെ വിദ്യാർത്ഥികളായ മക്കളുടെ വിവരശേഖരണം നടത്തി. പദ്ധതിയുടെ ഭാഗമായി കോട്ടയത്തുവെച്ചു നടന്ന കോർഡിനേറ്റർമാരുടെ മീറ്റിങ്ങിൽ സാന്ത്വനം കോർഡിനേറ്റർ ശ്രീ.നെൽസൺ പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**ബൈബിൾ പൂക്കളേഴ്സ് 2022**

തൃശ്ശൂർ അതിരുപത ചിൽഡ്രൻസ് മിനിസ്ട്രി, ജൂനിയർ സി. എൽ.സി.യുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി ഓണാഘോഷത്തോടനുബന്ധിച്ച് 2022 സെപ്തംബർ 10–ാം തിയ്യതി ശനിയാഴ്ച്ച ബൈബിൾ പൂക്കളേഴ്സ് പൂക്കള മത്സരം സംഘടിപ്പിച്ചു. കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽവെച്ച് നടത്തിയ ഈ മത്സരത്തിൽ 39 ടീമുകൾ പങ്കെടുത്തു. പൊങ്ങണംകാട് സെന്റ് മേരീസ് ഇടവക ഒന്നാം സ്ഥാനവും (തുടരെ മൂന്നാം തവണ), ചെങ്ങാലൂർ പരിശുദ്ധ കർമ്മലമാതാ ഇടവക രണ്ടാം സ്ഥാനവും, മണ്ണുത്തി സെന്റ് ആന്റണീസ് ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ചിയ്യാരം, ആമ്പക്കാട്, ഒല്ലൂക്കര, കുരിയച്ചിറ, വെങ്ങിണിശ്ശേരി, മരിയപുരം, ബസലിക്ക, ചെമ്പൂക്കാവ്, മുണ്ടൂർ, നെഹ്റുനഗർ എന്നീ ഇടവകകൾ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി.

**കലാമത്സരങ്ങൾ 2022**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തുന്നു. അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം അതിരൂപതാ തലം എന്നിങ്ങനെയായി തിരിച്ചിരിക്കുന്നു. ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയവർ മാത്രമാണ് ഒക്ടോബർ 24 തിങ്കളാഴ്ച്ച നടത്തുന്ന അതിരൂപതാ തല മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഒക്ടോബർ 17 ന് മുമ്പായിതന്നെ ഫൊറോനതല മത്സരം നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ ചെയ്യാത്ത യൂണിറ്റുകൾ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള കലാമത്സരം നവംബർ 12–ാം തിയ്യതിയാണ് നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് ഒക്ടോബർ 29 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്.

**SANTOM Quiz 2k22**

ഇടവകതലത്തിൽ സാൻതോം ക്വിസ്സ് നവംബർ 6 ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 2.30 വരെ നടത്തേണ്ടതാണ്. അതിന് വേണ്ട ചോദ്യപേപ്പർ കാറ്റകിസം ഹെഡ്മാസ്റ്ററുടെകൈവശം കൊടുത്തുവിടുന്നതാണ്. വൈദികരോ, ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അവർ നിയമിക്കുന്ന ടീച്ചർമാർ വന്ന് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് കൈപറ്റേണ്ടതാണ്. സാൻതോം ക്വിസ്സ് പഠനസഹായി വിതരണത്തിനായി തയ്യാറായിട്ടുണ്ട്. നേരത്തെ ബുക്ക്ചെയ്തപ്രകാരം പുസ്തകം കൊണ്ടുപോകാവുന്നതാണ്. ഫൊറോനതലം നവംബർ 27 ഞായർ ഉച്ചതിരിഞ്ഞ് 3.00 മുതൽ 4.00 വരെ ഫൊറോന കേന്ദ്രത്തിലും, അതിരൂപതതലം 2023 ജനുവരി 2 തിങ്കളാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.00 വരെ ഡി.ബി.സി.എൽ.സി. യിൽ വെച്ചുമാണ് നടത്തപ്പെടുക.

**തിരുബാലസഖ്യം**

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചരിക്കേണ്ടതാണ്. അന്ന് പതാകദിനമായി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ കൊന്ത ചൊല്ലാനും വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തി നവംബർ 25 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**ജൂനിയർ സി.എൽ.സി.**

ഒക്ടോബർ മാസം ജൂനിയർ സി.എൽ.സി. അംഗങ്ങൾ കൊന്ത മാസം ആചരിക്കേണ്ടതാണ്. ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ഈശോയുടെ ബെർത്ത് ഡേ പാർട്ടി സംഭാവന കൂപ്പൺവഴി സമാഹരിക്കുന്ന കളക്ഷൻ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 28 ന് മുമ്പായി എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**അൾത്താരസംഘം**

ഒക്ടോബർ 1–ാം തിയ്യതി മുതൽ 31 –ാം തിയ്യതി വരെ കൊന്ത മാസം ആചരണമാണല്ലോ. അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന തുക (പ്രയർ ഫ്രണ്ട് കളക്ഷൻ) നവംബർ 25 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട്

ശേഖരിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ നിങ്ങളോട് പറയുന്നു." (മത്തായി 18: 10)

**സുകൃതജപം:** എന്റെ കാവൽമാലാഖേ അങ്ങയുടെ സൂക്ഷത്തിന് ഏല്പിച്ചിരിക്കുന്ന എന്നെ കാത്തുകൊള്ളണമേ!

**പ്രാർത്ഥനാ നിയോഗം:** പരിശുദ്ധ പിതാവിന്റെ നിയോഗത്തോടൊപ്പം നമുക്കും തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. സുവിശേഷം പ്രഘോഷിക്കുന്നതിൽ സഭ എന്നും വിശ്വസതതയോടും ധീരതയോടും കൂടെ ഐക്യദാർഢ്യത്തിന്റെയും സാഹോദര്യത്തിന്റെയും സമൂഹമായി തീരട്ടെയെന്ന് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** "ഞാൻ ക്രിസ്തുവിനെ വിവാഹം ചെയ്തിരിക്കുന്നവളാണ് ചാരിത്ര്യഭംഗത്തേക്കാൾ മരണമാണ് എനിക്ക് ഭേദം" എന്ന് പറഞ്ഞ് ക്രൂരനേതാവായ ഗാവുനൂസിനാൽ ശിരഛേദിതയായ വിശുദ്ധ ഉർസുളയാണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധ. ഒക്ടോബർ 21 നാണ് തിരുസഭയിൽ ഈ വിശുദ്ധയുടേയും ഇവളുടെ കൂട്ടരുടെയും രക്തസാക്ഷിത്വദിനം കൊണ്ടാടുന്നത്.

**പ്രവർത്തനം**: പരിശുദ്ധ അമ്മയ്ക്ക് പ്രത്യേകം സമർപ്പിക്കപ്പെട്ട ഈ മാസത്തിൽ മുടക്കംകൂടാതെ ജപമാല ചൊല്ലി അമ്മയെ സ്നേഹിക്കാം, അമ്മയുടെ മാദ്ധ്യസ്ഥം തേടാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. യൂണിറ്റ് ശാക്തീകരണം**

രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പുതിയ യൂണിറ്റുകളുടെ രൂപീകരണവും നിലവിലുള്ളവയുടെ ശാക്തീകരണവും വിജയകരമായി തുടരുകയാണ്.

പട്ടിക്കാട് ഫൊറോനയിലെ **ചേരുംകുഴി സെന്റ് ജോസഫ് ഇടവക**യിൽ 14.08.22 – ന് മദ്യവിരുദ്ധസമിതിയുടെ യൂണിറ്റ് രൂപീകരിച്ചു. 25 ഓളം പേർ സമിതിയിൽ അംഗങ്ങളായി. എം.ജെ. ജോയിയെ പ്രസിഡന്റാക്കി ഭരണസമിതി തെരഞ്ഞെടുത്തു.

ചേർപ്പ് ഇടവകയിൽ ഇടവക വികാരി ബഹു. ഫാ. സെബാസ്റ്റ്യൻ വെട്ടത്തിന്റെ അദ്ധ്യക്ഷത യിൽ ഇടവക കുടുംബകൂട്ടായ്മ വാർഷികയോഗം 17.08.22 ൽ അരങ്ങേറി.

പട്ടിക്കാട് ഫൊറോനയിലെ മഞ്ഞക്കുന്ന് ഇടവകയിൽ 21.08.22 ഞായറാഴ്ച സമിതിയുടെ പുതിയ യൂണിറ്റിന് രൂപം നൽകി. മുപ്പതോളം പേർ സമിതിയിൽ അംഗങ്ങളായി. ടി.എ. മനോജ് (പ്രസിഡന്റ്), പി.പി. ബിനോയി (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു.

പാറന്നൂർ സെന്റ് ആന്റണീസ് ഇടവകയിൽ 28.08.22 ഞായറാഴ്ച സമിതിയുടെ പുതിയ യൂണിറ്റ് രൂപീകരിച്ചു. റവ. സി. ജസീന്തയാണ് ആനിമേറ്റർ. ശ്രീ. ടി.എൽ. ജോയ് പ്രസിഡന്റായി പുതിയ ഭരണസമിതിക്ക് രൂപം കൊടുത്തു.

പാലയൂർ ഫൊറോനയിലെ കാവീട് സെന്റ് ജോസഫ് ഇടവകയിലെ യൂണിറ്റ് 04.09.22 ഞായറാഴ്ച പുന:സംഘടിപ്പിച്ചു. 30 ലധികം പേർ സമിതിയിൽ അംഗത്വമെടുത്തു. ശ്രീ. സി.വി. വർഗ്ഗീസാണ് പ്രസിഡന്റ്.

11.09.22 ഞായറാഴ്ച ചിറ്റിശ്ശേരി സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ പുതിയ യൂണിറ്റ് സ്ഥാപിതമായി. നൂറിലധികം പേർ പങ്കെടുക്കുകയും സമിതി പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. യോഗത്തിൽ നിന്നും ശ്രീ. ഉണ്ണിമോൻ ചാളിപ്പാടനെ പ്രസിഡന്റായി ഭരണസമിതിക്ക് രൂപമരുളി.

മുളയം സെന്റ് പാട്രിക് ഇടവകയിൽ അന്നുതന്നെ പുതിയ യൂണിറ്റ് രൂപീകരിച്ചു. 35 ഓളം പേർ പുതുതായി സംഘടനയിൽ അംഗങ്ങളായി. ബേബി പാലോലിക്കൽ പ്രസിഡന്റായി ഭരണസമിതി പ്രവർത്തനം തുടങ്ങി.

**2. കോർ കമ്മിറ്റി മീറ്റിങ്ങ്**

21.08.22 ൽ അതിരൂപത ഓഫീസിൽ വച്ച് കോർ കമ്മിറ്റി യോഗം കൂടി. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖ പ്രസംഗവും സ്വാഗതവും ആശംസിച്ചു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളെ അദ്ദേഹം വിലയിരുത്തി.

രജത ജൂബിലി വാർഷികത്തിനു മുമ്പായി ഫൊറോന, മേഖല

സമ്മേളനങ്ങൾ സംഘടിപ്പിക്കുക, ആയിരത്തോളം പോസ്റ്റ് കാർഡുകൾ തയ്യാറാക്കി അയയ്ക്കുക എന്നീ തീരുമാനങ്ങൾ കൈകൊണ്ട് പ്രാർത്ഥനയോടെ യോഗനടപടികൾ അവസാനിച്ചു.

**3. രജത ജൂബിലി ആഘോഷ കമ്മിറ്റി യോഗം**

28.08.22 ൽ ഫൊറോന ഭാരവാഹികളെയും യൂണിറ്റ് പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി വിപുലമായ ഒരു സമ്മേളനം അതിരൂപത ഓഫീസിൽ കൂടി. രജത ജൂബിലി വിജയകരമാക്കുന്ന തിനുവേണ്ട നടപടികൾ ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. ആഘോഷ ചടങ്ങുകളുടെ നോട്ടീസുകളും ക്ഷണക്കത്തുകളും യൂണിറ്റുകളിലേക്ക് വിതരണം ചെയ്തു.

വാർഷികാഘോഷങ്ങൾക്കും സ്മരണിക പ്രകാശനത്തിനും ആവശ്യമായ ഫണ്ട് ശേഖരിക്കു വാൻ എല്ലാവരും സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.

**4. കോടന്നൂർ ബാർ വിരുദ്ധ സമരത്തിന് പിന്തുണ**

കോടന്നൂരിലെ പൗരസമിതി നടത്തിവരുന്ന ബാർ വിരുദ്ധ സമരത്തിന്റെ 14–ാം വാർഷിക കുടുംബസംഗമം 18.08.22 ൽ കോടന്നൂരിൽ അരങ്ങേറി. പ്രസ്തുത ചടങ്ങ് ഉദ്ഘാടനം ചെയ്തത് അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസ് മുഖ്യപ്രഭാഷണം നടത്തുകയും സമരത്തിന് മദ്യ വിരുദ്ധസമിതിയുടെ അടിയുറച്ച പിന്തുണ അറിയിക്കുകയും ചെയ്തു.

**5. ഫൊറോന സമ്മേളനങ്ങൾ**

**ലൂർദ്ദ് ഫൊറോന:** 11.09.22 ഞായറാഴ്ച രാവിലെ 10 മണിക്ക് ഒല്ലൂക്കര സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വച്ച് ലൂർദ്ദ് ഫൊറോന കൂട്ടായ്മ ചേർന്നു. ലൂർദ്ദ് ഫൊറോന പ്രൊമോട്ടറും ഇടവക വികാരി യുമായ ബഹു. ഫാ. ഫ്ളെർജിൻ തയ്യാലക്കൽ ആയിരുന്നു ഉദ്ഘാടകൻ. യോഗത്തിൽ ഒല്ലൂക്കര യൂണിറ്റ് പ്രസിഡന്റ് ടി.വി. തോമസ് അദ്ധ്യക്ഷ നായി. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസാണ് മുഖ്യപ്രഭാഷണം നടത്തിയത്. വൈസ് പ്രസിഡന്റ് ടി.ടി. കൊച്ചുവർക്കി ആശംസ കളർപ്പിച്ചു.

**ഒല്ലൂർ ഫൊറോന:** പാലക്കൽ സെന്റ് മാത്യൂസ് ദൈവാലയത്തിൽ വച്ച് 4 മണിക്ക് ഒല്ലൂർ ഫൊറോന മീറ്റിങ്ങ് ചേർന്നു. അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലാണ് സമ്മേളനം ചേർന്നത്.

| | |
|---|---|
| **ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** | **ശ്രീ. ജോസ് വടക്കേത്തല** |
| ഡയറക്ടർ | പി.ആർ.ഒ. |

# കത്തോലിക്ക കോൺഗ്രസ്സ്

- **തീരദേശവാസികളുടെ ആശങ്ക പരിഹരിക്കണം**
  വിഴിഞ്ഞം സമരവുമായ് ബന്ധപ്പെട്ട് തീരദേശ വാസികളുടെ ആശങ്ക സർക്കാർ ഉടനടി പരിഹരിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ്സ് ആവശ്യപ്പെട്ടു. തീരദേശവാസികളുടെ ഉത്കണ്ഠ പരിഹരിക്കാതെ സർക്കാർ മുന്നോട്ട് പോകുന്ന അവസ്ഥ പ്രതിഷേധാർഹമാണെന്ന് രേഖപ്പെടുത്തി.

- **തെരുവ് നായ ശല്യം പരിഹരിക്കണം**
  വർദ്ധിച്ചു വരുന്ന തെരുവ് നായ ശല്യം മനുഷ്യജീവന് അപകടകര മാണെന്ന് കത്തോലിക്ക കോൺഗ്രസ് ചൂണ്ടി കാണിച്ചു. മനുഷ്യജീ വന് അപകടകരമാകുന്ന മൃഗസ്നേഹം കപടമാണെന്നും യോഗം വിലയിരുത്തി.

- **അമർ ജവാൻ 2022**
  സർവ്വീസിൽനിന്നും വിരമിച്ച ജവാന്മാരെ ആദരിക്കുന്നതിന്റെ ഭാഗ മായി അതിരൂപതാ തലത്തിൽ അമർ ജവാൻ സംഘടിപ്പിച്ചു. അതി രൂപതയിലെ എല്ലാ എക്സ് സർവ്വീസ് വ്യക്തികളെയും ഭാരതത്തിന്റെ 75–ാം സ്വാതന്ത്ര്യവാർഷികത്തിന്റെ ഭാഗമായിരുന്നു പ്രോഗ്രാം സംഘ ടിപ്പിച്ചത്.

**ഫാ. വർഗ്ഗീസ് കൂത്തൂര്**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**1. വാർഷിക ധ്യാനവും പുതിയ നേതൃത്വത്തിന്റെ തിരഞ്ഞെടുപ്പും**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ (ലോഫ്) പുതിയ നേതൃത്വം ആഗസ്റ്റ് മാസം 13–ാം തിയതി ലോഫ് വാർഷിക ധ്യാനത്തിന്റെ സമാപനത്തിൽ ഡി. ബി. സി. എൽ. സി. യിൽ വെച്ച് ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു. ഡോ. ജോർജ് ലിയോൺസ് & അനി ജോർജ്ജ് പ്രസിഡണ്ട് ദമ്പതികൾ, സിത്താർ പനംകുളം & റെൻസി സിത്താർ സെക്രട്ടറി ദമ്പതികൾ, രാജു ആന്റണി & സൗമ്യ രാജു ട്രഷറർ ദമ്പതികൾഎന്നിവരെ ഭാരവാഹികളായി പുതിയ കോർ ടീം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി വൈസ് പ്രസിഡണ്ട് ദമ്പതികൾ, ഡോ. അലോഷ് & ബ്ലെസ്സി അലോഷ് ജോയിന്റ് സെക്രട്ടറി ദമ്പതികൾ, ബ്രിസ്റ്റോ ടി ജെ & റീന ബ്രിസ്റ്റോ ജോയിന്റ് ട്രഷറർ ദമ്പതികൾ, ബിജു ആന്റണി & ഹിമ ബിജു ദമ്പതികൾ, ജെയിംസ് ആഴ്ച്ചങ്ങാടൻ & ജെസ്സി ജെയിംസ് ദമ്പതികൾ, ഡോ. ടോണി ജോസഫ് & ഡോ. സുനി ടോണി ദമ്പതികൾ എന്നിവരെ കോർ ഗ്രൂപ്പ് കുടുംബങ്ങളായും തെരഞ്ഞെടുത്തു. ലോഫ് ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ അദ്ധ്യക്ഷത വഹിച്ചു. എറണാകുളം ഡിവൈൻ മേഴ്സി ഫെല്ലോഷിപ്പിലെ ബ്രദർ എൽവിസ് ധ്യാനം നയിച്ചു. ലോഫ് സ്പിരിച്ച്വൽ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ ആശംസകളർപ്പിച്ചു.

**2. വ്രത നവീകരണവും, പുതിയ കുടുംബങ്ങളെ ആസ്പിരൻസ് ആയുള്ള സ്വീകരണവും, പുതിയ നേതൃത്വത്തിന്റെ സ്ഥാനാരോഹണവും.**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്) കുടുംബങ്ങളുടെ വ്രതനവീകരണം തൃശ്ശൂർ ഡിബിസിഎൽസിയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ സെപ്റ്റംബർ മാസം 10 ന് നടന്നു. ഇതോടനുബന്ധിച്ച് ലോഫിന്റെ പുതിയ നേതൃത്വത്തിന്റെ അഭിഷേക പ്രാർത്ഥനയും, സ്ഥാനാരോഹണവും നടന്നു. പ്രഡിഡണ്ട് ദമ്പതികളായി ഡോ. ജോർജ്ജ്

ലിയോൺസും, അനി ജോർജ്ജും; സെക്രട്ടറി ദമ്പതികളായി സിത്താർ പനംകുളവും റെൻസി സിത്താറും; ട്രഷറർ ദമ്പതികളായി രാജു ആന്റണിയും സൗമ്യ രാജുവും; മറ്റ് ഭാരവാഹികളും സ്ഥാനം ഏറ്റു. 7 കുടുംബങ്ങൾ ലോഫിലേക്ക് പുതിയതായി ആസ്പിരൻസായി കടന്നു വന്നു. നല്ല ദൈവം ചൊരിഞ്ഞ എല്ലാ കൃപകൾക്കും നന്ദി പറയുന്നു.

ലോഫുമായി സഹകരിക്കാൻ താത്പര്യമുള്ള കുടുംബങ്ങളെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുവാൻ നിർദ്ദേശിക്കുമല്ലോ.
ലോഫ് ഓഫീസ്: 8921049153, 9895924182

**ഡോ. ജോർജ്ജ് ലിയോൺസ്**
**& അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ നാലാം യോഗം റിപ്പോർട്ട്

18–ാമത് പാസ്റ്ററൽ കൗൺസിലിന്റെ നാലാം യോഗം 2022 സെപ്തംബർ 10 ശനി ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടി. രാവിലെ 9:30 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ശ്രീമതി ടെസി, ശ്രീമതി ലീല ടീച്ചർ എന്നിവർ നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര Jr. ഏവർക്കും സ്വാഗതം ആശംസിച്ചു. എറണാകുളം–അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതല ഏറ്റെടുത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് പ്രാർത്ഥനാശംസകളും വൈദികസമിതി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിനും ബൊൻ നത്താലെ വർക്കിംഗ് ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജിയോ ചെരടായിക്കും അനുമോദനങ്ങൾ നേർന്നു. തുടർന്ന് ജോ. സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അത് പാസ്സാക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തി.

"ജീവന്റെ സുവിശേഷം–വർത്തമാനകാലഘട്ടത്തിൽ" എന്ന

വിഷയത്തെ ആസ്പദമാക്കി ചർച്ചകൾ നടന്നു. “ജീവന്റെ സുവിശേഷം” എന്ന വിഷയാവതരണം ഡോ. ബെറ്റ്സി തോമസ് നടത്തി. ഡോ. ടോണി ജോസഫ് ചർച്ചക്ക് മോഡറേറ്ററായിരുന്നു. “ലഹരിവസ്തുക്കളുടെ ഉപയോഗം” എന്ന വിഷയം ഡോ. ജോർജ്ജ് ലിയോൺസും “ക്രിയാത്മക പ്രതികരണം” റവ. സി. ജീസ് തെരേസും അവതരിപ്പിച്ചു. തുടർന്ന് വിഷയാസ്പദമായ പൊതുചർച്ച നടന്നു.

സഭാനവീകരണം, അജപാലന പദ്ധതി, സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിച്ച് ഫാ. സൈജോ തൈക്കാട്ടിൽ സംസാരിച്ചു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. തുടർന്ന് അഭിവന്ദ്യ താഴത്ത് പിതാവിന്റെ അധ്യക്ഷപ്രസംഗമായിരുന്നു. പാസ്റ്ററൽ കൗൺസിൽ യോഗത്തിന് തുടർച്ചയായി മൂന്ന് തവണ മുടങ്ങുന്നവരുടെ ലിസ്റ്റ് കണ്ടെത്തി കാരണം അറിയുന്നത് നല്ലതാണെന്ന് അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. ലഹരിക്കെതിരെ ടാസ്ക് ഫോഴ്സ് ഇടവകകളിൽ രൂപീകരിക്കുന്നതും സമുദായ ശാക്തീകരണത്തെ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതും ഉചിതമാണെന്നു അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് അഡ്വ. ബിജു കുണ്ടുകുളം, വിഴിഞ്ഞം സമരവുമായ് ബന്ധപ്പെട്ട് തീരദേശവാസികളുടെ ആശങ്ക പരിഹരിക്കുക, ലഹരിക്കെതിരെയുള്ള ജാഗ്രത, ബഫർസോൺ വിഷയത്തിൽ കർഷകരുടെ ആശങ്ക പരിഹരിക്കുക, മനുഷ്യന് അപകടകരമാകുന്ന തെരുവ്നായ ശല്യത്തിന് പരിഹാരം കാണുക എന്നിങ്ങനെ നാല് പ്രമേയങ്ങൾ അവതരിപ്പിച്ചു. യോഗം പ്രമേയം പാസ്സാക്കി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന അംഗങ്ങൾക്ക് നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദപ്രാർത്ഥനയോടെ ഉച്ചക്ക് 1:30ന് യോഗം സമാപിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

# മിഷൻ ഞായർ

**23 ഒക്ടോബർ 2022**



**ഞാൻ സുവിശേഷംപ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എൻെറ കടമയാണ്.**
**(1 കൊറി. 9:16)**

Estd. 1887
ARCHDIOCESE OF TRICHUR

## കേരളസഭാ നവീകരണം 2022-2025

**2022 ഒക്ടോബർ 6ന് കെസിബിസി കേരളസഭാ നവീകരണത്തിന്റെ (2022-2025) ഭാഗമായി കേരളസഭ മുഴുവൻ തൃശ്ശൂർ അതിരൂപതയെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും അന്നേദിവസം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്കത്തോടും കൂടെ അന്നേദിവസം കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ട് ഈ നിയോഗത്തോടെ പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്നതാണ്.**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.09.2022
**October- 2022**



**2022 ആഗസ്റ്റ് 5ന് തൃശ്ശൂർ അതിരൂപത കുണ്ടന്നൂർ ഇടവക ഫ്രാൻസിസ്-ഫിലോമിന ദമ്പതികളുടെ മകളും ഊർസുലൈൻ സന്യാസിനി സമൂഹാംഗവുമായ സി. സെലിൻ കണ്ണനായിക്കലിനെ (1931-1957) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ധന്യ പദവിയിലേക്ക് ഉയർത്തി.**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor